2023
APRIL
19
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## മിൽമ ഉൽപന്നങ്ങൾക്ക് സംസ്ഥാനമാകെ ഏകീകൃത രീതിയിലുള്ള പാക്കിങ്

**തിരുവനന്തപുരം:** മിൽമ ഉൽപന്നങ്ങൾക്ക് ഇനി പുതുമോടിയും ഗുണമേൻമയും. ബ്രാൻഡ് ഇമേജ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനമാകെ ഏകീകൃത രീതിയിലുള്ള പാക്കിങ്, ഡിസൈൻ, ഗുണനിലവാരം, വില, തൂക്കം എന്നിവ നടപ്പാക്കുന്ന പദ്ധതിക്ക് ഇന്നു തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ജെ.ചിഞ്ചുറാണി അധ്യക്ഷത വഹിക്കും.

പാൽ, തൈര്, നെയ്യ്, ഫ്ലേവേഡ് മിൽക് എന്നീ ഉൽപന്നങ്ങളാണ് ആദ്യ ഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു മിൽമ ചെയർമാൻ കെ.എസ്.മണി അറിയിച്ചു. നിലവിൽ മൂന്നു മേഖല യൂണിയനുകൾ പുറത്തിറക്കുന്ന പാൽ ഒഴിച്ചുള്ള ഉൽപന്നങ്ങളുടെ പാക്കിങ്ങും തൂക്കവും വിലയും ഒരുപോലെ അല്ല. ഇതു മാറി ഏകീകൃത രീതി നടപ്പാക്കാനുള്ള പ്രവർത്തനം ഒരു വർഷം മുൻപാണ് മിൽമ ആരംഭിച്ചത്. രാജ്യാന്തര വിപണിയിലടക്കം മത്സരാധിഷ്ഠിതമായി സാന്നിധ്യം വിപുലപ്പെടുത്താൻ ലക്ഷ്യമിട്ടാണു പദ്ധതി. ഉൾപ്രദേശങ്ങളിലും മിൽമയുടെ എല്ലാ ഉൽപന്നങ്ങളും ലഭ്യമാക്കുന്ന രീതിയിൽ വിപണന ശൃംഖല വികസിപ്പിക്കുമെന്നു ചെയർമാൻ അറിയിച്ചു.




കഴിഞ്ഞ 2 സാമ്പത്തിക വർഷവും ആവശ്യത്തിലേറെ പാൽ സംസ്ഥാനത്തു നിന്നു തന്നെ സംഭരിച്ചിരുന്ന മിൽമ വീണ്ടും പാൽ ക്ഷാമം നേരിടുന്നു. കഴിഞ്ഞ മാസം ആവശ്യമുള്ളതിനെക്കാൾ 5 ശതമാനത്തിലേറെ പാൽ കുറച്ചാണ് സംഭരിച്ചത്. ജനുവരി മാർച്ച് കാലത്ത് കുറവ് 8% വരെയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 12.5% പാൽ അധികമായി സംഭരിച്ചിരുന്ന സ്ഥാനത്താണ് ഈ കുറവ്.

നിലവിൽ തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലെ സഹകരണ സംഘങ്ങളിൽ നിന്ന് 1.5,2.5 ലക്ഷം ലീറ്റർ പാൽ വരെ ഓരോ ദിവസവും വാങ്ങിയാണ് കേരളത്തിന്റെ ആവശ്യം നിറവേറ്റുന്നത്. വിഷു സമയത്ത് 3 ലക്ഷം ലീറ്റർ പാൽ വരെ പുറത്തു നിന്നു വാങ്ങി. നിലവിൽ ശരാശരി 14.1 ലക്ഷം ലീറ്റർ പാലാണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലൂടെ മിൽമ ദിനവും ശേഖരിക്കുന്നത്. 15.85 ലക്ഷം ലീറ്ററിന്റെ പ്രതിദിന വിൽപനയുണ്ട്. മൂല്യ വർധിത ഉൽപന്നങ്ങൾക്കായും പാൽ വേണം. ചൂട് കാലാവസ്ഥയും ചർമമുഴ രോഗം മൂലം കാലികൾ വ്യാപകമായി ചത്തതുമെല്ലാം അയൽ സംസ്ഥാനങ്ങളിലും പാൽ ലഭ്യത കുറച്ചു. കൂടുതൽ വില നൽകിയാലും പാൽ കിട്ടാത്ത അവസ്ഥയാണ്.

കർണാടകത്തിൽ നിന്ന് കേരളത്തിന് ഇപ്പോൾ പാൽ ലഭിക്കുന്നേയില്ല. അതേസമയം കർണാടകയിലെ സഹകരണ മേഖലയിലുള്ള നന്ദിനി പാൽ കൊച്ചിയിലും മഞ്ചേരിയിലും വിൽപന ആരംഭിച്ചു. പാൽ മറ്റു സംസ്ഥാനങ്ങളിൽ വിറ്റഴിക്കുന്നത് ധാർമികമായി ശരിയല്ലെന്നു ചൂണ്ടിക്കാട്ടി മിൽമ കത്തയച്ചെങ്കിലും കർണാടക പ്രതികരിച്ചിട്ടില്ല.

## വന്ദേഭാരത് 5.10ന് പുറപ്പെടും; വേണാട് ഉൾപ്പെടെ ട്രെയിനുകളുടെ സമയം മാറും



**ന്യൂഡൽഹി :** കേരളത്തിലെ വന്ദേഭാരത് ട്രെയിനിന്റെ നിരക്കുകളും സമയവും അന്തിമമായി തീരുമാനിച്ചിട്ടില്ലെങ്കിലും ട്രയൽ റൺ നടത്തിയ 5.10നു തന്നെ തിരുവനന്തപുരത്തു നിന്നു പുറപ്പെടുന്ന വിധത്തിലാകും സമയമെന്ന് റെയിൽവേ വൃത്തങ്ങൾ സൂചിപ്പിച്ചു. ഇതിനായി വേണാട് എക്സ്പ്രസ് അടക്കം ഏതാനും ട്രെയിനുകളുടെ സമയത്തിൽ 10 20 മിനിറ്റുവരെ വ്യത്യാസം വരുത്തും. അന്തിമ തീരുമാനം ഉടനുണ്ടാകും. ദക്ഷിണ റെയിൽവേയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുക.

വന്ദേഭാരതിന് നേരത്തേ പ്രഖ്യാപിച്ചിരുന്ന അടിസ്ഥാന നിരക്കുകൾക്കു പുറമേ റിസർവേഷൻ ചാർജ്, സൂപ്പർഫാസ്റ്റ് സർചാർജ്, ഭക്ഷണത്തിന്റെ വില, ജിഎസ്ടി എന്നിവ കൂടി ചേർത്തായിരിക്കും ടിക്കറ്റ് നിരക്ക്. കേരളത്തിൽ ആദ്യ ഘട്ടത്തിൽ ഒരു എക്സിക്യൂട്ടീവ് ക്ലാസും ഏഴു ചെയർകാറുകളുമായിരിക്കുമെന്നാണ് സൂചനകൾ. ഈ വർഷം അവസാനത്തോടെ വന്ദേഭാരതിന്റെ സ്ലീപ്പർ കോച്ചുകൾ പുറത്തിറങ്ങും. അപ്പോൾ കൂടുതൽ ദീർഘദൂര റൂട്ടുകളിൽ വന്ദേഭാരത് ഓടിത്തുടങ്ങും. വന്ദേഭാരത് മെട്രോ ട്രെയിനുകളും വൈകാതെ യാഥാർഥ്യമാകും. ചെന്നൈ ഐസിഎഫിനു പുറമേ ലാത്തൂർ, റായ്ബറേലി എന്നീ സ്ഥലങ്ങളിലും വന്ദേഭാരത് ട്രെയിനുകളുടെ നിർമാണം ആരംഭിക്കുന്നുണ്ട്.

## 2,302 കോടിയുടെ നിക്ഷേപം

# അഡിഡാസ്, നൈക്കി തമിഴ്നാട്ടിലേക്ക്

**ചെന്നൈ:** രാജ്യാന്തര സ്പോർട്സ് ബ്രാൻഡുകളായ അഡിഡാസ്, നൈക്കി തുടങ്ങിയവയുടെ ഉൽപാദകരായ തയ്‌വാൻ കമ്പനി പൗ ചെൻ പാദരക്ഷ നിർമാണ യൂണിറ്റ് സ്ഥാപിക്കാൻ തമിഴ്നാടുമായി 2,302 കോടി രൂപയുടെ കരാർ ഒപ്പിട്ടു. പൗ ചെൻ കോർപറേഷന്റെ ഇന്ത്യയിലെ ഉപസ്ഥാപനമായ ഹൈ ഗ്ലോറി ഫുട്‌വെയർ ഇന്ത്യയാണു കള്ളക്കുറിച്ചി ജില്ലയിൽ ഉൽപാദന കേന്ദ്രം ആരംഭിക്കുക.




ഇതിലൂടെ തുകൽ ഇതര പാദരക്ഷ മേഖലയിൽ 20,000 പേർക്ക് തൊഴിൽ ലഭിക്കും. തമിഴ്നാട് ലെതർ ആൻഡ് ഫുട്‌വെയർ പ്രോഡക്ട്സ് നയം അനുസരിച്ച് 2025നുള്ളിൽ ഈ മേഖലയിൽ ഏകദേശം 20,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയാണു ലക്ഷ്യം. ഇതിനൊപ്പം 2 ലക്ഷം പേർക്കു തൊഴിൽ അവസരങ്ങളും ഉറപ്പാക്കും. ആമ്പൂർ, വാണിയമ്പാടി, റാണിപ്പെട്ട്, ചെയ്യാർ എന്നിവയുൾപ്പെടെ ഒട്ടേറെ പ്രധാന തുകൽ ഇതര പാദരക്ഷ നിർമാണ ക്ലസ്റ്ററുകളുടെ കേന്ദ്രമാണ് തമിഴ്നാട്.

## മലബാർ സിമന്റ്സിന്റെ 'വേഗ' സിമന്റ് വിപണിയിൽ

**പാലക്കാട്:** പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് കോൺക്രീറ്റ് ബ്രിക് നിർമാണം എളുപ്പമാക്കാൻ 'വേഗ' എന്ന പേരിൽ പുതിയ സിമന്റ് വിപണിയിലിറക്കി. കോൺക്രീറ്റ് ബ്രിക്സും ഹോളോ ബ്രിക്സും ഉൾപ്പെടെ വീടു നിർമാണത്തിന് ഉപയോഗിക്കുന്ന കട്ടകൾ ഒരു ദിവസം കൊണ്ട് ഉറയ്ക്കാൻ സഹായിക്കുന്ന സിമന്റാണു വേഗ. ടൈൽ പതിക്കാനും ഉപയോഗിക്കാം.മലബാർ സിമന്റ്സ് ഗവേഷണ വിഭാഗം വികസിപ്പിച്ചെടുത്ത സിമന്റിന്റെ 50 കിലോഗ്രാം ചാക്കിനു 465 രൂപയാണു വില. പ്ലാസ്റ്ററിങ്ങിനായി മണലും സിമന്റും ചേർത്ത 'റെഡി മിക്സ്' മലബാർ സിമന്റ്സ് ഈയിടെ പുറത്തിറക്കിയിരുന്നു. 30 വർഷത്തിനു ശേഷമാണു മലബാർ സിമന്റ്സിന്റെ പുതിയ ഉൽപന്നങ്ങൾ വിപണിയിലെത്തുന്നത്.







# മണ്ണടിപാലം നിർമാണം: ജോലികൾ അവസാനഘട്ടത്തിൽ

**മണ്ണടി:** അക്കരെയിക്കരെ കൂട്ടിമുട്ടിച്ച് ചെട്ടിയാരഴികത്ത് പാലത്തിന്റെ നിർമാണ ജോലികൾ അവസാനഘട്ടത്തിൽ. കുളക്കട ഭാഗത്തെ അവസാന സ്പാനിന്റെയും ഇരു ഭാഗത്തെയും സമീപന പാതകളുടെയും നിർമാണം പുരോഗമിക്കുന്നു. പാലത്തിന്റെ സംരക്ഷണ ഭിത്തികളുടെ നിർമാണവും പെയിന്റിങ് ജോലികളും ഉൾപ്പെടെ മേയ് അവസാനത്തോടെ പൂർത്തിയാക്കുമെന്ന് അധികൃതർ പറഞ്ഞു. അവസാന സ്പാൻ കോൺക്രീറ്റ് ചെയ്യുന്നതിനായി കമ്പികൾ പാകുന്ന ജോലി പൂർത്തിയായി.രണ്ടാഴ്ചയ്ക്കുള്ളിൽ സ്പാൻ കോൺക്രീറ്റ് ചെയ്യും.

ഇതോടെ പാലം സഞ്ചാര യോഗ്യമാകും. 2019 ജൂലൈ 19 ന് ശിലാസ്ഥാപനം കഴിഞ്ഞ പാലത്തിന്റെ നിർമാണം 2021 ജൂലൈ 28 ന് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.എന്നാൽ കോവിഡ്, പ്രളയം അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം തുടങ്ങി വിവിധ കാരണങ്ങളാൽ പണികളിൽ കാലതാമസം നേരിട്ടു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 11.22 കോടി ചെലവിട്ടുള്ള പാലത്തിന്റെ നിർമാണ ചുമതല റോഡ് ഫണ്ട് ബോർഡിനാണ്.പത്തനംതിട്ട ജില്ലയിലെ മണ്ണടിയും കൊല്ലം ജില്ലയിലെ താഴത്തു കുളക്കടയും ബന്ധിപ്പിച്ചാണ് കല്ലടയാറിനു കുറുകെയുള്ള പാലം.ഇരുവശത്തെയും ഒന്നര മീറ്റർ വരുന്ന നടപ്പാത ഉൾപ്പെടെ 11 മീറ്റർ വീതിയിലും 130.70 മാറ്റർ നീളത്തിലുമാണ് പാലം. മണ്ണടി ഭാഗത്ത് 380 മീറ്റർ നീളത്തിലും കുളക്കട ഭാഗത്ത് 425 മീറ്റർ നീളത്തിലുമാണ് സമീപന പാത.

മണ്ണടി നിവാസികൾക്ക് കൊട്ടാരക്കര, പുത്തൂർ ഭാഗങ്ങളിലെത്താനുള്ള എളുപ്പ മാർഗമാകും നിർമാണം പൂർത്തിയാകുന്ന പാലം. എംസി റോഡിൽ ഗതാഗതക്കുരുക്കുണ്ടായാൽ അടൂരിൽ നിന്നും ഏനാത്ത് നിന്ന് വഴിതിരിച്ചു വിടുന്ന വാഹനങ്ങൾക്ക് പാലം പ്രയോജനപ്പെടുത്തി കൊട്ടാരക്കര ഭാഗത്ത് എത്തുകയും ചെയ്യാം. എംസി റോഡ്, അടൂർ ശാസ്താംകോട്ട റോഡ്, കായംകുളം പുനലൂർ റോഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന ഏഴംകുളംകടമ്പനാട് മിനി ഹൈവേയാണ് ജില്ലയിൽ പാലത്തിന്റെ പ്രവേശന കവാടം. പാലത്തിന്റെ മറു ഭാഗം ബന്ധിപ്പിക്കുന്ന കുളക്കടതാഴത്തു കുളക്കടമാവടി റോഡിന്റെ ഒരു ഭാഗം വീണ്ടും എം സി റോഡുമായി കുളക്കടയിൽ ചേരുന്നതും പ്രയോജനമാണ്.

## തീരമേഖലയിൽ 3 വർഷത്തിനുള്ളിൽ 50000 തൊഴിൽ അവസരം സൃഷ്ടിക്കുമെന്ന് മന്ത്രി

**കലവൂർ:** സംസ്ഥാനത്തെ മുഴുവൻ തീരമേഖലയിലും യുവ ഫെസ്റ്റ് സംഘടിപ്പിക്കുമെന്നും അടുത്ത 3 വർഷത്തിനുള്ളിൽ തീരമേഖലയിൽ 50000 തൊഴിൽ അവസരം സൃഷ്ടിക്കുമെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു. മാരാരിക്കുളം തെക്ക് പഞ്ചായത്ത് നടപ്പാക്കുന്ന സ്വയംതൊഴിൽ ചെയ്യുന്ന വനിതകൾക്ക് ഇരുചക്ര വാഹനം വിതരണം ചെയ്യുന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മുഴുവൻ വീടുകളിലും ബയോ ബിൻ ഉറപ്പാക്കുന്നതിനായി ഇത് ഇല്ലാത്ത വീടുകൾക്ക് പകുതി വില എംഎൽഎ ഫണ്ടിൽ സബ്സിഡിയായി നൽകുന്ന പദ്ധതി ആലോചനയിലാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളിലെ ഹരിതകർമ സേനയുടെ പ്രവർത്തനം മാതൃകാപരമാണെന്നും മന്ത്രി പറഞ്ഞു.

സമ്പൂർണ മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന ബയോ ബിൻ, ബയോ ഗ്യാസ് പ്ലാന്റ് എന്നിവയുടെ ഉദ്ഘാടനം പി.പി.ചിത്തരഞ്ജൻ എംഎൽഎയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരിയും ചേർന്ന് നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.പി. സംഗീത അധ്യക്ഷത വഹിച്ചു. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ഡി.മഹീന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം ആർ.റിയാസ്, വൈസ് പ്രസിഡന്റ് വി.സജി, ഇന്ദിര തിലകൻ, എം.രജീഷ്, എൻ.എസ്.ശാരിമോൾ, ഷീല സുരേഷ്, പഞ്ചായത്ത് സെക്രട്ടറി കെ.രേഖ എന്നിവർ പ്രസംഗിച്ചു.

## തീരദേശ ഹൈവേ നിർമാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും

തീരദേശ ഹൈവേ നിർമാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ അധ്യക്ഷതയിലും എം എൽ എമാരായ സുജിത്ത് വിജയൻപിള്ള, ജി എസ് ജയലാൽ എന്നിവരുടെ സാന്നിധ്യത്തിലും ചേർന്ന യോഗത്തിൽ തീരുമാനം. കാപ്പിൽതങ്കശ്ശേരി, തങ്കശ്ശേരിനീണ്ടകര, ഇടപ്പള്ളികോട്ടഅഴീക്കൽ എന്നിങ്ങനെ മൂന്ന് റീച്ചുകളായി തിരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുക.

ഹൈവേ നിർമാണവുമായി ബന്ധപ്പെട്ട പ്രദേശവാസികളുടെ എല്ലാ ആശങ്കകളും പൂർണമായി പരിഹരിച്ചാകും പ്രവർത്തനങ്ങൾ ആരംഭിക്കുക. ആദ്യത്തെ റീച്ചിൽ കല്ലിടൽ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചു.

ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്ന് ജി എസ് ജയലാൽ എം എൽ എ നിർദ്ദേശിച്ചു. രണ്ടാമത്തെ റീച്ചിൽ നീണ്ടകര പാലം മുതൽ ഇടപ്പള്ളികോട്ട വരെയുള്ള പ്ലാനിന് പകരം തീരദേശ മേഖലയിലൂടെ അലൈൻമെന്റ് പുനർനിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സുജിത് വിജയൻപിള്ള എം എൽ എ ആവശ്യപ്പെട്ടു.

ജനങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും മുൻതൂക്കം നൽകിയാകും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്ന് ജില്ലാ കലക്ടർ വ്യക്തമാക്കി.

# 2030ൽ ഇന്ത്യയുടെ ലക്ഷ്യം 20 ലക്ഷം ടൺ റബർ

**കോട്ടയം:** ഏഴെട്ടു വർഷമായി റബർ ഉൽപാദനത്തിൽ കുറവു വന്നിട്ടുണ്ടെന്നും അതു പരിഹരിച്ച് മുന്നേറണമെന്നും കേന്ദ്ര വാണിജ്യ, വ്യവസായ വകുപ്പ് അഡീഷനൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ. റബർ നിയമത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം. 2030ൽ 20 ലക്ഷം ടണ്ണിന്റെ ആഭ്യന്തര ഉൽപാദനമാണ് ഇന്ത്യ ലക്ഷ്യം വയ്ക്കുന്നതെന്നും വിലയിലെ അസ്ഥിരത ഉൾപ്പെടെ വിഷയങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം ആരംഭിച്ചെന്നും അദ്ദേഹം പറഞ്ഞു.

ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ റബർ ഉപയോഗ രാജ്യമാണ് ഇന്ത്യ. 13.5 ലക്ഷമാണ് ആഭ്യന്തര ഉപയോഗം. 1950ൽ ഇതു വെറും 20,000 ടണ്ണായിരുന്നു. 36,000 കോടി രൂപയുടെ റബർ കയറ്റുമതി നടത്തുന്നുമുണ്ട്. ഇന്ത്യയിൽ നിന്നുള്ള റബറിന് ആവശ്യമേറുന്നുണ്ട്. അതു കൊണ്ടുതന്നെ ഉൽപാദനം വർധിപ്പിക്കണം. നമുക്ക് ആവശ്യമുള്ളതിന്റെ 75 ശതമാനത്തിലധികം ഉൽപാദിപ്പിക്കണമെന്നാണ് പുതിയ നയം. ഇതിനാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഉൾപ്പെടെ റബർ വ്യാപിപ്പിക്കുന്നത്.



റബർ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക, പാൽ ഉൽപാദനം കുറഞ്ഞ മരങ്ങൾ മാറ്റി പുതിയ ഇനം തൈകൾ നടുക, പഴയ മരങ്ങൾ കൊണ്ട് ഗൃഹോപകരണങ്ങൾ അടക്കം നിർമിക്കുക, ടാപ്പിങ് ചെലവുകൾ കുറയ്ക്കാൻ വഴി കണ്ടെത്തുക, റബർകൃഷിയിൽ നൂതന മാർഗങ്ങൾ അവലംബിക്കുക, ഉൽപാദനം കൂടിയ വിത്തിനങ്ങൾ വികസിപ്പിക്കുക, ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ കുറവുകൾ കണ്ടെത്താത്ത വിധം ഗുണമേന്മ പരിശോധനാ സംവിധാനങ്ങൾ വികസിപ്പിക്കുക തുടങ്ങിയ മാർഗങ്ങളാണ് ആലോചിക്കുന്നത്.

റബർ മേഖലയിൽ ആറായിരത്തോളം ചെറുകിട ഇടത്തരം സംരംഭങ്ങളുണ്ട്. ഇവയിലൂടെ നാലു ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ഇന്ത്യയിലെ റബർ ഉൽപാദനത്തിന്റെ 90 ശതമാനവും നടത്തുന്നതു ചെറുകിട കർഷകരാണ്. കർഷകർക്ക് മതിയായ വില കിട്ടാനുള്ള സംവിധാനങ്ങൾ ആലോചിക്കുന്നുണ്ട്.

ചെലവു കുറച്ചും മൂല്യവർധിത ഉൽപന്നങ്ങൾ കൂടുതൽ ശക്തമാക്കിയും വിവിധ ഉദ്ദേശ പദ്ധതികൾ നടപ്പാക്കിയുമെല്ലാം പുതിയ മാർഗങ്ങൾ ഇതിനു കണ്ടെത്തണം. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അടക്കം റബർ വ്യാപകമായി പ്രചരിപ്പിക്കുന്നതിന് കേരളീയർ നൽകിയ സംഭാവനകൾ ശ്രദ്ധേയമാണെന്നും അദ്ദേഹം പറഞ്ഞു.

## കമ്പ്യൂട്ടർ ടെക്നിഷ്യൻ

അഡാക്കിന്റെ (എഡിഎകെ) ഹെഡ് ഓഫീസിൽ കമ്പ്യൂട്ടർ ടെക്നീഷ്യൻ തസ്തികയിൽ ദിവസവേതനത്തിൽ നിയമിക്കുന്നതിന് പിജിഡിസിഎ, ഇംഗ്ലീഷ്, മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ യോഗ്യതകളും, അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രതിദിനം 755 രൂപ വേതനം ലഭിക്കും. വെള്ളപ്പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സ്വയം സാക്ഷ്യപ്പെടുത്തിയ അടിസ്ഥാനയോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം തപാലിലോ നേരിട്ടോ അഡാക്ക് ഹെഡ് ഓഫീസിൽ 29നകം ലഭ്യമാക്കണം. ഫോൺ: 0471 2322410.

## താത്കാലിക എന്യൂമറേറ്റർ നിയമനം

**കൊല്ലം:** കാർഷിക സെൻസസ് ഒന്നാം ഘട്ട ഫീൽഡുതല വിവരശേഖരണം നടത്തുന്നതിനായി താത്കാലിക എന്യൂമറേറ്ററെ നിയമിക്കുന്നു. കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ, കൊട്ടാരക്കര, പത്തനാപുരം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലേക്കാണ് നിയമനം. ഒരു വാർഡിന് 3600 രൂപ നിരക്കിലാണ് ഓണറേറിയം. പ്ലസ്ടു/ ഹയർ സെക്കൻഡറി യോഗ്യതയുള്ള ആൻഡ്രോയിഡ് ഫോൺ ഉപയോഗിക്കുന്ന യുവതീ യുവാക്കൾക്ക് അപേക്ഷിക്കാം. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളുടെ ഫോൺ നം. കൊല്ലം 9446257220, കരുനാഗപ്പള്ളി 8547063970, കുന്നത്തൂർ 9495884445, കൊട്ടാരക്കര 9446854628, പത്തനാപുരം 8281561075.

## അങ്കണവാടി വർക്കർ/ ഹെൽപ്പർ അഭിമുഖം

**മയ്യനാട്:** ഗ്രാമപഞ്ചായത്തിൽ അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിലേക്കുള്ള അഭിമുഖത്തിന് അറിയിപ്പ് ലഭിച്ചവർ ഏപ്രിൽ 24 മുതൽ 28 രാവിലെ 9.30 മുതൽ വൈകിട്ട് അഞ്ച് വരെ മയ്യനാട് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഹാജരാകണം. അറിയിപ്പ് ലഭിക്കാത്തവർ ശിശുവികസന പദ്ധതി ഓഫീസർ, ഐ സി ഡി എസ് ഓഫീസ്, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്, മുഖത്തല പി ഒ, പിൻ 691577. ഫോൺ 0474 2504411, 8281999106.

## വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

**കൊല്ലം:** കളർ സിറ്റി പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിവിധ കോളജുകളിൽ നിന്നും തിരഞ്ഞെടുത്ത 60 വിദ്യാർഥികൾക്കായി ആശ്രാമം 8 പോയിന്റ് ആർട്ട് കഫെയിൽ ചിത്രരചന പരിശീലന ക്ലാസ് സംഘടിപ്പിച്ചു. ഉദ്ഘാടനം ജില്ലാ കലക്ടർ അഫ്സാന പർവീൺ നിർവഹിച്ചു. ജില്ലയുടെ ചരിത്രപ്രാധാന്യവും സാംസ്കാരിക തനിമയും വിളിച്ചോതുന്ന തരത്തിലാകും ചിത്രരചന നടത്തുകയെന്ന് കലക്ടർ പറഞ്ഞു.

പൊതുസ്ഥലങ്ങളും, സർക്കാർ ഓഫീസ് ചുവരുകളും മ്യൂറൽ പെയിന്റിങിലൂടെ സൗന്ദര്യവത്ക്കരിക്കുകയാണ് ലക്ഷ്യം. സാമൂഹിക സന്ദേശങ്ങ ഉടങ്ങുന്ന ചിത്രങ്ങളും ഉൾപ്പെടുത്തും. ചിത്രംവരയിൽ അഭിരുചിയുള്ള വിദ്യാർഥികളെയും, എൻ എസ് എസ് വൊളന്റിയേഴ്സിനെയും ഉൾപ്പെടുത്തിയാവും പദ്ധതി നടപ്പാക്കുക.

ഡി ടി പി സി എക്സിക്യൂട്ടീവ് അംഗം സുജിത് അധ്യക്ഷനായി. ഡി ടി പി സി അഡ്മിനിസ്ട്രേറ്റർ ഗീത, ഷെൻലേ, ശശികുമാർ, കലാസാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# നിർമാണ സാമഗ്രികളുടെ വില കുത്തനെ ഉയരുന്നു; നിർമാണമേഖല തളരുന്നു



**ഏറ്റുമാനൂർ:** നിർമാണ സാമഗ്രികളുടെ വില കുത്തനെ ഉയർന്നതോടെ കെട്ടിട നിർമാണ മേഖല വൻ പ്രതിസന്ധിയിൽ. എം സാൻഡ്, പിസാൻഡ്, മെറ്റൽ ഉൾപ്പെടെ ക്രഷർ ഉൽപന്നങ്ങളുടെ വിലയാണ് രണ്ടാഴ്ചയ്ക്കുള്ളിൽ കുത്തനെ ഉയർന്നത്. ഓരോ ഇനത്തിനും അടിക്കണക്കിൽ 14 മുതൽ 18 രൂപ വരെയാണ് ഉയർന്നത്. കരാറെടുത്ത ജോലികൾ പലതും സ്തംഭനാവസ്ഥയിലായെന്നും പലരും കടക്കെണിയിലാണെന്നും കരാറുകാർ പറയുന്നു.

എന്നാൽ സർക്കാറിന്റെ ഭേദഗതി പ്രകാരം റോയൽറ്റിയും നികുതികളും വർധിപ്പിച്ചതാണ് പ്രതിസന്ധിക്കു കാരണമെന്നാണു കരിങ്കല്ല്, ക്വാറി ഉടമകൾ പറയുന്നത്. പ്രതിസന്ധി മറികടക്കാൻ സർക്കാർ ഇടപെടണമെന്നാവശ്യപ്പെട്ട് ക്വാറി, ക്രഷർ ഉടമകൾ അനശ്ചിത കാല പണിമുടക്കു തുടങ്ങി.

വില വർധനയ്ക്കെതിരെ സംയുക്ത ബിൽഡിങ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഇന്നു കോട്ടയത്ത് മാർച്ച് നടത്തും.സമരം നീണ്ടാൽ നിർമാണ മേഖല സതംഭനാവസ്ഥയിലേക്കു കൂപ്പുകുത്തും. ഇതോടെ അടിയന്തര സ്വഭാവമുള്ള സർക്കാർ മേഖലയിലെ ജോലികൾ ഉൾപ്പെടെ പ്രതിസന്ധിയിലാകും. ജില്ലയിൽ 55 ക്രഷർ യൂണിറ്റും സർക്കാർ ലീസിൽ പ്രവർത്തിക്കുന്ന പതിനാലും സ്വകാര്യ ലീസ് ഇനത്തിൽ പതിനൊന്നും ഉൾപ്പെടെ 25 കരിങ്കല്ലു ക്വാറികളുമാണുള്ളത്.

കരിങ്കല്ല് ക്രഷർ മേഖലയിലെ വില വർധന നിർമാണ മേഖലയെ സ്തംഭനാവസ്ഥയിലേക്ക് നയിക്കുകയാണ്. പല ജോലികളും തടസ്സപ്പെട്ടു. കരാർ കാലത്തെ വിലയിൽ നിന്നു നിർമാണ സാധനങ്ങളുടെ വില കൂടിയതു കരാറുകാരനെ കടക്കെണിയിലാക്കും. സർക്കാർ ഇടപെടണം.

ജില്ലയിൽ താപനില ഉയർന്നതോടെ നിർമാണ മേഖല മന്ദഗതിയിലാണ്. കഠിനമായ ചൂടുള്ള സമയത്ത് പുറം ജോലികൾ ചെയ്യരുതെന്ന സർക്കാർ നിർദേശം അവഗണിച്ചാണ് മേഖലയിൽ തൊഴിലാളികൾ പണിയെടുക്കുന്നത്. കോട്ടയം ഉൾപ്പെടെ 7 ജില്ലകളിൽ ചൂടു കൂടുമെന്നാണ് കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. സർക്കാർ ഭേദഗതി ചെയ്ത കെഎംഎംസി നിയമത്തിലെ അപാകതകൾ പരിഹരിക്കുക,പട്ടയ ഭൂമിയിലെ ഖനനം നിയമാനുസൃതമാക്കാനുള്ള നടപടി കൈക്കൊള്ളുക, സർക്കാർ ഭൂമിയിൽ നൽകിവന്നിരുന്ന ഖനനാനുമതി പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ഓൾ കേരള ക്വാറി ആൻഡ് ക്രഷർ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനശ്ചിത കാല സമരം.

സംസ്ഥാനത്ത് ക്വാറി, ക്രഷർ സമരം പൂർണമാണെന്ന് കോഓർഡിനേഷൻ കമ്മിറ്റി ജനറൽ കൺവീനർ എം.കെ.ബാബു, ചെയർമാൻ എ.എം.യൂസഫ് എന്നിവർ അറിയിച്ചു. കളിയിക്കാവിള, വിഴിഞ്ഞം, പൂവാർ, കള്ളിക്കാട്, അമരവിള, നെട്ട, ആര്യങ്കാവ്, വാളയാർ, ഗോവിന്ദപുരം, മുത്തങ്ങ ചെക് പോസ്റ്റുകളിലും മഞ്ചേശ്വരത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നു വന്ന ലോറികൾ സമരാനുകൂലികൾ തടഞ്ഞു. സമരം ഒത്തുതീർപ്പായില്ലെങ്കിൽ 2 ദിവസത്തിനകം ദേശീയപാത വീതികൂട്ടൽ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം നിലയ്ക്കുമെന്നു സമരക്കാർ മുന്നറിയിപ്പു നൽകി.



## നിയന്ത്രിത കാലാവസ്ഥാ ഗവേഷണ സമുച്ചയം പ്രവർത്തനം തുടങ്ങി

**തൃശൂർ:** കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ മനുഷ്യർക്കു തന്നെ താങ്ങാനാവുന്നില്ല. അപ്പോൾ, വീട്ടിലെ കന്നുകാലികളെ അതെങ്ങനെയൊക്കെ ബാധിക്കുന്നു? അത് നേരിട്ട് കണ്ടു മനസ്സിലാക്കാനായി നിയന്ത്രിത കാലാവസ്ഥ ഗവേഷണ സമുച്ചയം പ്രവർത്തനം ആരംഭിച്ചു. വെറ്ററിനറി സർവകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളജ് ക്യാംപസിലുള്ള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രത്തിനു കീഴിലാണ് ഗവേഷണ സംവിധാനം സ്ഥാപിച്ചിരിക്കുന്നത്.

1.70 കോടി രൂപയാണ് ചെലവ്. യന്ത്രങ്ങൾ ഉപയോഗിച്ച് കൃത്രിമമായി കാലാവസ്ഥ സൃഷ്ടിക്കാനും ഊഷ്മാവും ആപേക്ഷിക ആർദ്രതയും വ്യത്യാസപ്പെടുത്താനും കഴിയുന്നതാണു സംവിധാനം. ഊഷ്മാവ് 5 മുതൽ 50 ഡിഗ്രി വരെയും ആർദ്രത 95 ശതമാനം വരെയും ക്രമപ്പെടുത്താൻ കഴിയും.

ഈ സമയം മൃഗങ്ങളിൽ ഉണ്ടാകുന്ന ശാരീരിക സമ്മർദങ്ങൾ മനസ്സിലാക്കാൻ കഴിയും. മൃഗങ്ങൾക്ക് സുഖകരമായ കാലാവസ്ഥ പ്രദാനം ചെയ്യുന്ന മറ്റൊരു അറയും ഈ സംവിധാനത്തിന്റെ ഭാഗമായുണ്ട്. 6 പശുക്കളെ വരെ ഒരേ സമയം നിർത്തി പരിശോധിക്കാം. പുറത്തെ സ്വാഭാവിക അന്തരീക്ഷത്തിൽ മൃഗങ്ങളെ നിർത്തി നിരീക്ഷിക്കാനും സൗകര്യമുണ്ട്.

## ഇടുക്കി ജില്ലയിലെ ആദ്യ ടോൾ പ്ലാസ കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ

**മൂന്നാർ :** ജില്ലയിലെ ആദ്യ ടോൾ പ്ലാസയുടെ നിർമാണം അന്തിമഘട്ടത്തിൽ. കൊച്ചി ധനുഷ്കോടി ദേശീയപാതയിൽ ദേവികുളം ലാക്കാടിനു സമീപമാണ് ജില്ലയിലെ ആദ്യ ടോൾ പ്ലാസ ഒരുങ്ങുന്നത്. ദേശീയപാതയിലെ മൂന്നാർ മുതൽ ബോഡിമെട്ട് വരെയുള്ള 42 കിലോമീറ്റർ ദൂരത്തെ നവീകരണ പ്രവർത്തനങ്ങൾ 381.17 കോടി രൂപ ചെലവിൽ പൂർത്തിയാക്കിയിരുന്നു. തുടർന്നാണ് ടോൾ പ്ലാസ സ്ഥാപിക്കുന്നത്.ഇരു വശങ്ങളിൽ നിന്നുമായി 8 വാഹനങ്ങൾക്കു കടന്നുപോകാവുന്ന സൗകര്യമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഏതാനും ദിവസത്തിനുള്ളിൽ ടോൾ പ്ലാസയുടെ നിർമാണം പൂർത്തിയാക്കി ദേശീയപാതാ അധികൃതർക്കു കൈമാറുമെന്ന് കരാറുകാരൻ പറഞ്ഞു. ടോൾ നിരക്കുകൾ സംബന്ധിച്ച് പിന്നീട് തീരുമാനമെടുക്കും. 2017 സെപ്റ്റംബറിലാണ് ദേശീയപാതയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.മഴക്കാലത്ത് ഗ്യാപ് റോഡിൽ പലതവണയുണ്ടായ മലയിടിച്ചിലിനെ തുടർന്നാണ് പണികൾ ഇത്രയും കാലം നീണ്ടുപോയത്. നിർമാണം പൂർത്തിയായ മൂന്നാർ ബോഡിമെട്ട് റോഡിന്റെ ഉദ്ഘാടനവും 1000 കോടി രൂപ ചെലവിൽ വീതികൂട്ടൽ പണികൾ ആരംഭിക്കുന്ന മൂന്നാർ കുണ്ടന്നൂർ റോഡിന്റെ നിർമാണോദ്ഘാടനവും ഉടൻ നടത്തുമെന്ന് ദേശീയപാതാ അധികൃതർ പറഞ്ഞു.

# ഏക്കറിനു 2500 കിലോ വരെ നെല്ലെടുക്കാൻ അനുമതി നൽകും



**പാലക്കാട്:** ജില്ലയിൽ ഏക്കറിനു 2500 കിലോ വരെ നെല്ലെടുക്കാൻ അനുമതി നൽകും. ഉൽപാദനം ഇതിലും കൂടുതലെങ്കിൽ നെല്ലെടുക്കാൻ അതതു കൃഷി ഓഫിസറുടെ സാക്ഷ്യപത്രം കൂടി വേണം. ഇതിനായി വിള പരിശോധന പൂർത്തിയാക്കി കൃഷി ഓഫിസർമാർ 5 ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകണം. കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റ് ലഭിച്ചു 10 ദിവസത്തിനകം സപ്ലൈകോ നെല്ലെടുക്കണം. അധിക നെല്ലെടുപ്പു സംബന്ധിച്ച് സപ്ലൈകോ അടുത്ത ദിവസം തന്നെ ഉത്തരവിറക്കും. മന്ത്രി കെ.കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലാണു തീരുമാനം.

ഏക്കറിനു 2200 കിലോയാണു സപ്ലൈകോയുടെ നെല്ലു സംഭരണ പരിധി. ഇതി!ൽക്കൂടുതൽ ഉൽപാദനം ഉണ്ടെങ്കിൽ ക്രോപ് കട്ടിങ്ങും ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടും അടിസ്ഥാനമാക്കി നെല്ലെടുക്കാമെന്നു കൃഷി വകുപ്പ് ഉത്തരവിറക്കിയിരുന്നെങ്കിലും ഇതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയെന്നു കർഷകർ ചൂണ്ടിക്കാണിച്ചിരുന്നു. ഇതോടെ അധിക നെല്ലു മുഴുവൻ കൃഷിക്കാരുടെ വീട്ടിലും കളത്തിലും മറ്റും കെട്ടിക്കിടക്കുന്ന സ്ഥിതിയായി. തുടർന്നാണ് അധിക നെല്ലെടുപ്പിൽ കൂടുതൽ വ്യക്തത വരുത്തി ഉത്തരവിറക്കാൻ നിർദേശിച്ചത്. ഇതനുസരിച്ച് പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഏക്കറിനു 2500 കിലോ വരെ ഒരു പിആർഎസിൽ (പാഡി റസിപ്റ്റ് ഷീറ്റ്) നെല്ലെടുക്കാം.

ഉൽപാദനം ഇതിൽ കൂടുതലെങ്കിൽ കൃഷി ഓഫിസർ, കൃഷി അസിസ്റ്റന്റ്, പാഡി പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്, പാടശേഖര സമിതി ഭാരവാഹികൾ എന്നിവർ ചേർന്നു പരിശോധന നടത്തിയ ശേഷം ഉൽപാദന വർധനയ്ക്കനുസൃതമായി അധിക നെല്ലെടുക്കാമെന്നാണു തീരുമാനം. ഇതിനുള്ള നടപടികളും വേഗത്തിലാക്കണം. യോഗത്തിൽ ജില്ലാ കലക്ടർ ഡോ.എസ്.ചിത്ര, എഡിഎം കെ.മണികണ്ഠൻ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫിസർ എൽ.ആർ.മുരളി, ഡപ്യൂട്ടി ഡയറക്ടർ പി.സിന്ധുദേവി, ജില്ലാ സപ്ലൈ ഓഫിസ് സീനിയർ സൂപ്രണ്ട് ജോസി ജോസഫ്, സപ്ലൈകോ അസിസ്റ്റന്റ് റീജനൽ മാനേജർ കെ.എസ്.സതീഷ്കുമാർ, പാഡി മാർക്കറ്റിങ് ഓഫിസർമാരായ ആർ.പ്രസന്നകുമാർ, ബി.ജഗന്നാഥ്, അഗ്രികൾചർ അസി. ഡയറക്ടർ (മാർക്കറ്റിങ്) കെ.യു.രാധിക എന്നിവർ പങ്കെടുത്തു.

ജില്ലയിൽ രണ്ടാംവിള നെല്ലു സംഭരണ പരിധി നിശ്ചയിക്കുന്നതിൽ തുടക്കം മുതൽ അനിശ്ചിതത്വം സൃഷ്ടിച്ചു മാസങ്ങളോളം കർഷകരെ വെട്ടിലാക്കി സർക്കാരും സപ്ലൈകോയും കൃഷിവകുപ്പും. മുൻപു നടന്ന ക്രമക്കേടുകളുടെ പേരു പറഞ്ഞു ജില്ലയിൽ രണ്ടാംവിളയിലെ ഉൽപാദന വർധന യഥാസമയം പരിശോധിക്കാൻ പോലും വകുപ്പുകൾ തയാറായില്ല. ജില്ലയിൽ ഉൽപാദന വർധന ഉണ്ടെന്നും രണ്ടാംവിളയിലെ സംഭരണ പരിധി ഏക്കറിനു 2500 കിലോയാക്കണമെന്നും കെ.ഡി.പ്രസേനൻ എംഎൽഎ നിയമസഭയിൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഏക്കറിനു 2200 കിലോയിൽ കൂടുതലുള്ള നെല്ലെടുക്കാൻ നിബന്ധനകൾക്കനുസൃതമായി നിർദേശം ഇറക്കിയെങ്കിലും പിന്നെയും തട്ടിക്കളിക്കൽ തുടർന്നു.

മുൻവർഷങ്ങളിൽ രണ്ടാംവിളയിൽ ഏക്കറിനു 2500 കിലോവരെ നെല്ലു സംഭരിച്ചിരുന്നു. നെല്ലെടുപ്പിലെ ക്രമക്കേടു തടയുന്നതിനു പകരം അധിക നെല്ലെടുപ്പിൽ നിയന്ത്രണം ഏർപ്പെടുത്താനാണു തുടക്കം മുതൽ ശ്രമിച്ചത്. ഇതാണു കർഷകരെ വെട്ടിലാക്കിയത്. കർഷകരോഷം ശക്തമായതോടെയാണു വീണ്ടും യോഗം ചേർന്ന് 2500 കിലോവരെ നെല്ലെടുക്കാൻ അനുമതിക്കു ധാരണയായത്. ഉൽപാദന വർധന പരിശോധിച്ചു ബോധ്യപ്പെട്ട ശേഷം നെല്ലെടുക്കണമെന്നാണു കർഷകരും ആവശ്യപ്പെട്ടിരുന്നത്. ഇതിനായി ക്രോപ് കട്ടിങ്ങിന് അപേക്ഷയും നൽകിയിരുന്നു. എന്നിട്ടും നടപടികൾ ഏറെ വൈകി.

# ചാലിയാറിലെ ജലനിരപ്പ് കുറഞ്ഞു; ഗ്രാമങ്ങളിൽ വരൾച്ച രൂക്ഷമാകുന്നു



**മാവൂർ:** ഗ്രാമ പ്രദേശങ്ങളിൽ വരൾച്ച രൂക്ഷം, കുടിവെള്ള പദ്ധതികൾ ഒട്ടേറെയുണ്ടെങ്കിലും തൊണ്ട നനയ്ക്കാൻ വെള്ളമില്ലാതെ ജനം ദുരിതത്തിൽ. ഗ്രാമപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും തോടുകളും വറ്റിവരണ്ടു. ചാലിയാറിലെ ജലനിരപ്പും ഗണ്യമായി കുറഞ്ഞു. ചെറൂപ്പ ഊർക്കടവ് റഗുലേറ്റർ ബ്രിജിന്റെ ഷട്ടറുകളടച്ച് പുഴയിൽ ജലം സംഭരിക്കുന്നുണ്ട്.

ചാലിയാറിൽ ചേരുന്ന പോഷക നദികളിലെ നീരൊഴുക്ക് കുറഞ്ഞതും ഇത്തവണ ആശങ്കയ്ക്ക് ഇടയാക്കുന്നുണ്ട്. ഷട്ടറുകളടച്ച് 3.70 മീറ്റർ വരെ വെള്ളം സംഭരിക്കാനുള്ള ശേഷിയുണ്ടായിട്ടും 3.40 മീറ്റർ വരെയാണ് വെള്ളം സംഭരിക്കുന്നത്. പെരുവയൽ പഞ്ചായത്തിലെ 22 വാർഡുകളിലായി 44 കുടിവെള്ള പദ്ധതികളും, ചാത്തമംഗലം പഞ്ചായത്തിലെ 23 വാർഡുകളിലായി 33 കുടിവെള്ള പദ്ധതികളും ഉണ്ടെങ്കിലും കടുത്ത വേനലിൽ പദ്ധതി കിണറുകളിലെ വെള്ളം വറ്റും.

പെരുവയൽ പഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനു ജൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി 2007ൽ ആണ് വിവിധ സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചത്. ജലജീവൻ പദ്ധതിയുടെ ഭാഗമായി ഈ പൈപ്പുകളിലൂടെ വെള്ളമെത്തിക്കാനുള്ള ശ്രമം നടത്തുന്നതിനിടെ മിക്കയിടങ്ങളിലും പൈപ്പുകൾ പൊട്ടി. കുന്നുമ്മൽ, മായങ്ങോട്ടു ചാലിൽ, പരിയങ്ങാട് തടായി, ഗോശാലിക്കുന്ന്, ഭൂദാനം കോളനി, കല്ലട മീത്തൽ, തടപ്പറമ്പ്, കിഴക്കേ ചെരു, ചെറുകുന്ന്, ഒറ്റപ്പിലാക്കിൽ, പുന്നാത്തൂർ മീത്തൽ, തവിട്ടേരിപ്പാറ എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. കഴിഞ്ഞ ദിവസം പെരുവയൽ പഞ്ചായത്ത് 2 വാഹനങ്ങളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിന് കിട്ടാത്ത അവസ്ഥയാണ്.

ചാത്തമംഗലം പഞ്ചായത്തിലെ കരുവാരപ്പറ്റ, ചേനോത്ത്, വല്ലക്കണ്ടി, നോടുങ്ങോട്ടുമ്മൽ, വെള്ളനൂർ കുന്ന്, പുള്ളന്നൂർ ഭാഗങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ഈ ഭാഗങ്ങളിലേക്ക് ഇന്നു മുതൽ ജലവിതരണം തുടങ്ങുമെന്നു പഞ്ചായത്ത് പ്രസിഡന്റ് ഓളിക്കൽ ഗഫൂർ പറഞ്ഞു. മാവൂർ പഞ്ചായത്തിൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയനുസരിച്ച് ജല അതോറിറ്റി വെള്ളം എത്തിക്കുന്നുണ്ടെങ്കിലും ജലവിതരണ പൈപ്പുകൾക്ക് അടിക്കടിയുണ്ടാകുന്ന പൊട്ടൽ ജലവിതരണത്തെ സാരമായി ബാധിക്കുന്നുണ്ട്.



## ഇഷ്ഫാഖ് അഹമ്മദുമായുള്ള കരാർ അവസാനിച്ച് കേരള ബ്ലാസ്റ്റേഴ്സ്

**കൊച്ചി:** കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ സഹപരിശീലകനായ ഇഷ്ഫാഖ് അഹമ്മദുമായുള്ള കരാർ അവസാനിച്ചതായി കേരള ബ്ലാസ്റ്റേഴ്സ്.സമ്മർ സീസണിൽ കരാർ പൂർത്തിയാകുന്നതോടെയാണ് ഇഷ്ഫാഖും ക്ലബ്ബും തമ്മിലുള്ള ബന്ധം പരസ്പര ധാരണയിൽ അവസാനിക്കുന്നത്. കേരള ബ്ലാസ്റ്റേഴ്സ് ജേഴ്സിയിൽ മൂന്ന് വർഷം മൈതാനത്ത് തിളങ്ങിയ ശേഷമാണ് കഴിഞ്ഞ നാല് വർഷം അദ്ദേഹം അസിസ്റ്റന്റ് കോച്ചായി ക്ലബ്ബിനൊപ്പം പ്രവർത്തിച്ചത്.

കഴിഞ്ഞ 4 വർഷമായി ഒരു അസിസ്റ്റന്റ് കോച്ചെന്ന നിലയിൽ ടീമിനോട് കാണിച്ച കഠിനാധ്വാനത്തിനും പ്രതിബദ്ധതയ്ക്കും ഇഷ്ഫാഖിനോട് പൂർണ്ണഹൃദയത്തോടെ നന്ദി പറയുന്നതായി കേരള ബ്ലാസ്റ്റേഴ്സ് എഫ്സി സ്പോർട്ടിംഗ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. ആദ്യം ഒരു കളിക്കാരൻ എന്ന നിലയിലും പിന്നീട് കോച്ച് എന്ന സ്ഥാനം വഹിച്ചുകൊണ്ടും കാണിച്ച കളിയോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ക്ലബ്ബിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം സവിശേഷമാക്കി നിലനിർത്തും. കേരള ബ്ലാസ്റ്റേഴ്സ് കുടുംബത്തിന്റെ ഭാഗമായി ക്ലബ്ബ് അദ്ദേഹത്തെ എപ്പോഴും ഇരു കൈകളും നീട്ടി സ്വീകരിക്കും. ഇഷ്ഫാഖിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് ക്ലബ്ബ് എല്ലാവിധ ആശംസകളും നേരുന്നുപുതിയ അസിസ്റ്റന്റ് കോച്ചിനെ നിയമിക്കുന്നത് സംബന്ധിച്ച തുടർപ്രഖ്യാപനം ഉടനുണ്ടാകുമെന്നും കരോലിസ് സ്കിൻകിസ് പറഞ്ഞു.

## അപരാജിത സൗജന്യ കാറ്ററിങ് പരിശീലനത്തിന് അപേക്ഷിക്കാം

**വടക്കഞ്ചേരി:** ജില്ലാ പഞ്ചായത്ത് കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ വിധവകളുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന അപരാജിത പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിധവകൾക്കായി വടക്കഞ്ചേരി ഗവ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ മെയ് ആദ്യവാരം സംഘടിപ്പിക്കുന്ന സൗജന്യ കാറ്ററിങ് പരിശീലനത്തിന് അപേക്ഷിക്കാം. പത്ത് ദിവസമാണ് പരിശീലനം. ശേഷം പ്രമുഖ ഹോട്ടലുകളിൽ ഓൺ ജോബ് ട്രെയിനിങ് നൽകും. പത്താംതരം യോഗ്യതയുള്ള 45 ന് താഴെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ജില്ലയിൽ സ്ഥിരതാമസമുള്ളവരായിരിക്കണം. പങ്കെടുക്കാൻ താത്പര്യമുള്ളവർ പേര്, വയസ്, ഫോൺ നമ്പർ, മേൽവിലാസം സഹിതം ഏപ്രിൽ 24 നകം കുടുംബശ്രീ സി.ഡി.എസുകളിൽ അപേക്ഷ നൽകണം. അപേക്ഷകരിൽ നിന്നും അഭിമുഖം നടത്തി തെരഞ്ഞെടുക്കുന്ന 20 പേർക്ക് ആദ്യ ബാച്ചിൽ പരിശീലനം നൽകുമെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ അറിയിച്ചു. ഫോൺ: 04912505627.

# കുടുംബശ്രീയുടെ മൈക്രോഎന്റർപ്രൈസ് കോൺക്ലേവ് 22ന് എറണാകുളത്ത്

**കൊച്ചി:** കുടുംബശ്രീയുടെ 25ാം വാർഷികത്തോടനുബന്ധിച്ച് സൂക്ഷ്മസംരംഭക വികസനത്തിന്റെ ഭാഗമായി കുടുംബശ്രീമിഷന്റെ നേതൃത്വത്തിൽ ഏപ്രിൽ 22ന് മൈക്രോ എന്റർപ്രൈസ് കോൺക്ലേവ് സംഘടിപ്പിക്കുന്നു. രാവിലെ 11ന് കളമശേരി സമ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭകമേഖല ഉയർന്ന തലത്തിലേക്ക് വ്യാപിപ്പിക്കുന്നതിനും നൂതനമായ ഒട്ടനവധി സംരംഭങ്ങൾ ആരംഭിക്കുന്നതിനുമാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കുടുംബശ്രീയുടെ വിവിധ ഉപജീവന പദ്ധതികളെക്കുറിച്ചുള്ള സെമിനാറുകൾ, വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി പാനൽ ചർച്ചകൾ, കുടുംബശ്രീയുടെ ഭാഗമായുള്ളതും അല്ലാത്തതുമായ സംരംഭകരുടെ അനുഭവം പങ്കുവയ്ക്കൽ, സംരംഭക മേഖലയിലെ ആധുനിക സാങ്കേതികവിദ്യയും യന്ത്ര ഉപകരണങ്ങളും ഉത്പന്നങ്ങളും പരിചയപ്പെടുത്തൽ, എക്സിബിഷൻ, വിവിധ തലങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചവരെ ആദരിക്കൽ, കലാപരിപാടികൾ തുടങ്ങിയവ ഉൾപ്പെടുന്ന ദ്വിദിന പരിപാടിയാണ് സംഘടിപ്പിക്കുന്നത്. കുടുംബശ്രീ അംഗങ്ങളുൾപ്പെടെ ആയിരത്തി അഞ്ഞൂറോളം പേർ പങ്കെടുക്കും.കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കു സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള 'ഷീ സ്റ്റാർട്സ്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും കോൺക്ലേവിൽ നടക്കും. കുടുംബശ്രീയും വ്യവസായ വാണിജ്യ വകുപ്പും ചേർന്ന് ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രൊജക്റ്റ് അടുത്ത മൂന്ന് വർഷം കൊണ്ട് കേരളത്തിൽ 1.5 ലക്ഷം സംരംഭങ്ങളും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളായ മൂന്ന് ലക്ഷം വനിതകൾക്ക് സ്വയം തൊഴിലിലൂടെ വരുമാനവും കണ്ടെത്താനുള്ള ബൃഹത്തായ പദ്ധതിയാണ്. പദ്ധതിയുടെ ആദ്യഘട്ടമായി 202324 സാമ്പത്തിക വർഷം ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെ 40,000 സംരംഭങ്ങളെങ്കിലും രൂപീകരിക്കുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം.സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി.) നടപ്പിലാക്കുന്നതിനായി പുതിയതായി അനുവദിച്ച 10 ബ്ലോക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനവും ഇതിനോടനുബന്ധിച്ച് നടക്കും. നിലവിൽ 15 ബ്ലോക്കുകളിൽ നടപ്പിലാക്കി വരുന്ന എസ്.വി.ഇ.പി.യുടെ നേട്ടങ്ങൾ വിശകലനം ചെയ്തതിന്റെയും പദ്ധതിയുടെ വിജയത്തേയും അടിസ്ഥാനമാക്കി 2021ൽ കൂടുതൽ ബ്ലോക്കുകളിൽ എസ്.വി.ഇ.പി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ ശുപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി നേമം (തിരുവനന്തപുരം), വെട്ടിക്കവല (കൊല്ലം), കോയിപ്രം (പത്തനംതിട്ട), ഏറ്റുമാനൂർ (കോട്ടയം), ആലങ്ങാട് (എറണാകുളം), പഴയന്നൂർ (തൃശൂർ), തൃത്താല (പാലക്കാട്), പെരുമ്പടപ്പ് (മലപ്പുറം), കുന്നുമ്മൽ (കോഴിക്കോട്), തളിപ്പറമ്പ് (കണ്ണൂർ) എന്നീ പത്ത് ബ്ലോക്കുകളിൽകൂടി എസ്.വി.ഇ.പി. നടപ്പിലാക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) പ്രകാരം പത്ത് ബ്ലോക്കുകളിലുംകൂടി നാലു വർഷം കൊണ്ട് 23,340 സംരംഭങ്ങൾ ആരംഭിക്കുന്നതിനു ലക്ഷ്യമിടുന്നു. ആകെ പത്ത് ബ്ലോക്കുകൾക്കും കൂടി 64.37 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 38.62 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതവും 25.75 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്.മൈക്രോ എന്റർപ്രൈസ് കോൺക്ലേവിന്റെ ഭാഗമായി മെഷിനറിടെക്നോളജി എക്സ്പോയുടെ ഉദ്ഘാടനവും നടക്കും. ഏറ്റവും ആധുനിക യന്ത്ര ഉപകരണങ്ങൾ പരിചയപ്പെടുന്നതിനും പുതിയ ടെക്നോളജികൾ മനസിലാക്കുന്നതിനുമായാണ് സംരംഭകർക്കായി മെഷിനറി ടെക്നോളജി എക്സ്പോ നടത്തുന്നത്. എക്സ്പോയുടെ ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് നിർവഹിക്കും.

# മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂട്ടായ പങ്കാളിത്തം വേണം: മന്ത്രി എം.ബി രാജേഷ്



**കൊച്ചി:** കൊച്ചിയിലെ മാലിന്യ സംസ്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാവരുടെയും കൂട്ടായ പങ്കാളിത്തം ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ്. കലൂർ ജിസിഡിഎ മാർക്കറ്റ് നവീകരണ നിർമ്മാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.കൊച്ചിയെ ഒരു ആധുനിക നഗരമാക്കി മാറ്റുമ്പോൾ ഒന്നാമത്തെ വെല്ലുവിളി മാലിന്യ പ്രശ്നം പരിഹരിക്കുക എന്നതാണ്. ഇത് പരിഹരിക്കേണ്ടത് സർക്കാരിന്റെയും കോർപ്പറേഷന്റെയും ഉത്തരവാദിത്വമാണ്. എന്നാൽ പൂർണമായും വിജയം നേടാൻ സർക്കാരിനും കോർപ്പറേഷനും ഒപ്പം കൊച്ചിയിൽ ജീവിക്കുന്ന ഓരോ വ്യക്തിയുടെയും പങ്കാളിത്തം ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. പൊതുജനങ്ങൾക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച്ശരിയായ ബോധവൽക്കരണം ആവശ്യമാണ്. ശരിയായ രീതിയിൽ നിയമം നടപ്പിലാക്കാൻ സാധിക്കണം. നഗരത്തിലെ 789 ഫ്ലാറ്റുകളിലെ മാലിന്യ സംസ്കരണ പദ്ധതിയെക്കുറിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിൽ 511 ഫ്ലാറ്റുകളിലും ശരിയായ രീതിയിൽ മാലിന്യ സംസ്കരണം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല എന്നാണ് കണ്ടെത്തിയത്. ഇതിനെതിരെ കർശന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ മാർക്കറ്റുകൾ, ഫ്ലാറ്റുകൾ, അപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിൽ ഉണ്ടായിരിക്കണമെന്നും മന്ത്രി പറഞ്ഞു.ഉറവിട മാലിന്യ സംസ്കരണ പ്ലാന്റ്, മഴവെള്ള സംഭരണി, മലിനജല സംസ്കരണ പ്ലാന്റ്, അഗ്നിശമന പ്രവർത്തികൾ, സർവീസ് ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് ടാങ്ക്, ഡ്രെയിനേജ് സംവിധാനം എന്നിവ ഉൾപ്പെടുത്തിയാണ് കലൂർ മാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു. രണ്ടു നിലകളിലായി 25,000 ചതുരശ്ര അടിയിലാണ് മാർക്കറ്റ് നവീകരിക്കുന്നത്. താഴത്തെ നിലയിൽ പഴം/പച്ചക്കറികൾ, മാംസം, മത്സ്യം, അനുബന്ധ ഉൽപന്നങ്ങൾ, പലചരക്ക് എന്നിവയ്ക്കായി പ്രത്യേക ഇടങ്ങൾ സജ്ജമാക്കും. 66 കടമുറികളും 30 സ്റ്റോളുകളുമാണ് താഴത്തെ നിലയിൽ ഒരുങ്ങുന്നത്. ഒന്നാം നിലയിൽ ഓപ്പൺ റെസ്റ്റോറന്റ് അടക്കം 18 കടമുറികൾ വിവിധ ആവശ്യങ്ങൾക്കായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെ 5.87 കോടി ചെലവഴിച്ചാണ് ജിസിഡിഎയുടെ നേതൃത്വത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. നാലുമാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.ജിസിഡിഎ മാർക്കറ്റ് പരിസരത്ത് നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി, ടി ജെ വിനോദ് എംഎൽഎ, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ, കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് സിഇഒ എസ് ഷാനവാസ്, ജിസിഡിഎഎക്സിക്യൂട്ടീവ് അംഗം എ ബി സാബു, കൗൺസിലർമാരായ അഷിത യഹിയ, രജനി മണി, സി എ ഷക്കീർ , ജിസിഡിഎ സെക്രട്ടറി കെ എം ഗോപകുമാർ, ജിസിഡിഎ സൂപ്രണ്ടിംഗ് എൻജിനീയർ കെ ഷാജി തുടങ്ങിയവർ പങ്കെടുത്തു.

## ഡ്രാഫ്റ്റ്സ്മാൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മുനമ്പം കാര്യാലയത്തിൽ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. മിനിമം യോഗ്യത ഐ.ടി.ഐ സിവിൽ. ഉദ്യോഗാർത്ഥികൾ ഫോട്ടോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നമ്പർ, വിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പും സഹിതം 2023 ഏപ്രിൽ 25 ന് രാവിലെ, 11 ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മുനമ്പം ഓഫീസിൽ ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്. പരമാവധി 90 ദിവസത്തേക്ക് ആയിരിക്കും നിയമനം. വിശദവിവരങ്ങൾക്ക് ബന്ധപ്പെടാനുള്ള ഫോൺ: 9446893755.

## ആയുഷ് മിഷൻ മൾട്ടി പർപ്പസ് വർക്കറുടെ ഒഴിവ്

**കൊച്ചി:** എറണാകുളം : ജില്ലയിലെ നാഷണൽ ആയുഷ്മിഷൻ വഴി ഗവ. ആയുർവേദ / ഹോമിയോ ആശുപത്രികളിലേക്കും ഒഴിവു വരാവുന്ന മറ്റ് പദ്ധതികളിലേയ്ക്കുമായി ആയുഷ് മിഷൻ മൾട്ടി പർപ്പസ് വർക്കറുടെ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തുന്നു. അഭിമുഖവും അസ്സൽ സർട്ടിഫിക്കറ്റുകളുടെ വെരിഫിക്കേഷനും 28 ന് വെള്ളിയാഴ്ച എറണാകുളം കച്ചേരിപ്പടിയിലെ ജില്ലാ ആയുർവേദ ആശുപതിയിൽ രാവിലെ 9 ന് നടക്കും. ബയോഡാറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സഹിതം എറണാകുളം കച്ചേരിപ്പടിയിലെ ജില്ലാ ആയുർവേദ ആശുപതിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ ഓഫീസിൽ ഏപ്രിൽ 25 ന് ചൊവ്വാഴ്ച വൈകുന്നേരം 5 മണി വരെ അപേക്ഷ സ്വീകരിക്കും.യോഗ്യത ഹയർ സെക്കി പ്ലസ് ടു പ വിജയത്തോടൊപ്പം സർക്കാർ അംഗീകൃത മൂന്നു മാസത്തിൽ കുറയാതെയുള്ള കംപ്യൂട്ടർ പരിജ്ഞാനവും ഉ ായിരിക്കണം. പ്രതിമാസ വേതനം 10500 രൂപ. ഉയർന്ന പ്രായപരിധി 40 വയസ്സ്, ഫോൺബ 9847287481

## ജൂൺ 30 വരെ മസ്റ്ററിംങ് നടത്താം

**കൊച്ചി:** സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ട് പോയി വിരലടയാളം രേഖപ്പെടുത്തി മസ്റ്ററിംങ് പൂർത്തീകരിക്കണം. കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന സാമൂഹ്യ സുരക്ഷ പെൻഷനുകളും ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവരും ജൂൺ 30നുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംങ് നടത്തേണ്ടതാണ്.പെൻഷൻ മസ്റ്ററിംങ് പൂർത്തീകരിക്കുന്നതിന് അക്ഷയ കേന്ദ്രങ്ങളെ മാത്രമാണ് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിന് ആവശ്യമായ ലോഗിൻ സൗകര്യങ്ങൾ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടു്. അക്ഷയ കേന്ദ്രങ്ങളല്ലാതെ ഓൺലൈൻ സേവന കേന്ദ്രങ്ങളിൽ ലോഗിൻ ചെയ്യുന്നത് കുറ്റകരമാണ്.മസ്റ്ററിങ് പൂർത്തിയാക്കുന്നതിന് എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ആവശ്യമായ സജ്ജീകരണങ്ങൾ മുൻകൂട്ടി ക്രമീകരിച്ചിട്ടുള്ളതാണ്. അക്ഷയ കേന്ദ്രത്തിൽ മസ്റ്ററിങ് ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നു എന്നത് അടിസ്ഥാന രഹിതമാണ്. എറണാകുളം ജില്ലയിൽ 2023 ഏപ്രിൽ 15 വരെ 143110 മസ്റ്ററിംങ് അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തിയിട്ടു്.

## കളമശ്ശേരി ഗവ.ഐ ടി ഐ യിൽ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ.ഐ ടി ഐ യിൽ ഷീറ്റ് മെറ്റൽ വർക്കർ (ഓപ്പൺ വിഭാഗം), മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് (എസ്.സി, ഇടിബി, എം.യു, വി.കെ, എൽ.സി, എസ്.ഐ.യു.സി നാടാർ, ഒബിസി) ട്രേഡുകളിൽ ഓരോ ജൂനീയർ ഇൻസ്ട്രക്ടറുടെ (ഗസ്റ്റ് ഇൻസ്ട്രക്റ്റർ) ഒഴിവ്. മണിക്കൂറിന് 240 രൂപ നിരക്കിൽ പ്രതിമാസം 24000 രൂപ ലഭിക്കും. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഏപ്രിൽ 20 ന് രാവിലെ 11 ന് അസൽ രേഖകൾ സഹിതം കളമശ്ശേരി ഐടിഐയിൽ ഹാജരാകണം.ഷീറ്റ് മെറ്റൽ വർക്കർ യോഗ്യത മെക്കാനിക്കൽ /മെറ്റലർജി (പ്രൊഡക്ഷൻ എഞ്ചിനീയറിംഗ് മെക്കാട്രോണിക്സ് തുടങ്ങിയവയിൽ അംഗീകൃത എഞ്ചിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ അംഗീകൃത മൂന്ന് വർഷ ഡിപ്ളോമയും ര് വർഷത്തെ പ്രവൃത്തി പരിചയവും. അല്ലെങ്കിൽ ഷീറ്റ് മെറ്റൽ വർക്കർ ട്രേഡിൽ എൻ.ടി.സി/ എൻഎസി യും, മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും.മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസ്സ് യോഗ്യത ക്സ് ഇലക്ട്രോണിക്സ് ആൻറ് ടെലികമ്യൂണിക്കേഷൻ/ ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ അംഗീകൃത എഞ്ചിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ അംഗീകൃത മൂന്ന് വർഷ ഡിപ്ലോമയും, ര് വർഷത്തെ പ്രവൃത്തി പരിചയവും അല്ലെങ്കിൽ ഇലക്ട്രോണിക്സ് ടെലികമ്യൂണിക്കേഷൻ/ ഇലക്ട്രോണിക്സ് ആൻറ് മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ് ട്രേഡിൽ എൻ. ടി. സി/ എൻ. എ സി. യും, മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും.

## സീനിയർ റസിഡൻറ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിലേക്കായി സീനിയർ റസിഡന്റുമാരെ 70,000 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ 90 ദിവസത്തേക്ക് നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ ഏപ്രിൽ 25 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ യോഗ്യത, വയസ്, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാകണം. പ്രവൃത്തിപരിചയം അഭികാമ്യം.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മൂവാറ്റുപുഴ ഐ.സി.ഡി.എസ് ഓഫീസ് ആവശ്യത്തിനായി 2023 24 വർഷം വാഹനം വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി മത്സരസ്വഭാവമുള്ള ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മെയ് തിന് ഉച്ചയ്ക്ക് രു വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0485 2814205.

# എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക മാറ്റിവെയ്ക്കൽ ഈ വർഷം യാഥാർഥ്യമാക്കും: മന്ത്രി വീണാ ജോർജ്



**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയ ഈ വർഷം യാഥാർഥ്യമാകുമെന്ന് മന്ത്രി വീണാ ജോർജ്. എറണാകുളം ജനറൽ ആശുപത്രിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. വൃക്ക മാറ്റി വെക്കൽ ശസ്ത്രക്രിയാ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 25 കോടി രൂപ ചെലവിൽ നിർമ്മിച്ച കാൻസർ ബ്ലോക്ക് മെയ് ആദ്യവാരം ഉദ്ഘാടനം ചെയ്യും. ജൂൺ മാസത്തോടെ ന്യൂറോ സർജറിയും ആരംഭിക്കും. ആധുനിക ചികിത്സാ രംഗത്തെ കേരളത്തിന്റെ മുഖമാണ് സംസ്ഥാനത്തെ ഏറ്റവും പഴക്കമുള്ള ആശുപത്രികളിൽ ഒന്നായ എറണാകുളം ജനറൽ ആശുപത്രി. ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ, ഹൃദയം തുറക്കാതെ വാൽവിന്റെ തകരാർ പരിഹരിക്കുന്നതിനുള്ള പ്രൊസീജിയർ തുടങ്ങിയ ചരിത്രപരമായ നേട്ടങ്ങൾ ആശുപത്രി കൈവരിച്ചു. രാജ്യത്ത് തന്നെ ശ്രദ്ധേയമായ മുന്നേറ്റം നടത്തുന്ന ഏക ജനറൽ ആശുപത്രിയാണിത്. ആശുപത്രിയുടെ വികസനത്തിൽ പൊതുജന പങ്കാളിത്തവും ഏറെ സവിശേഷമാണ്. സംസ്ഥാന സർക്കാരിനൊപ്പം ജനപ്രതിനിധികളും പ്രത്യേക ഇടപെടലുകൾ നടത്തുന്നു. കേരളത്തിൽ ആദ്യത്തെ എൻ എ ബി എച്ച് എൻ ക്യു എ എസ് (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് & ഹെൽത്ത് കെയർ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്)അംഗീകാരം നേടിയ ആശുപത്രിയാണ് എറണാകുളം ജനറൽ ആശുപത്രി. ദേശീയ ഗുണനിലവാര മാനദണ്ഡമനുസരിച്ചുള്ള ഏറ്റവും കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളുള്ളത് കേരളത്തിലാണ്. ഇതിൽ അധികവും പഞ്ചായത്ത് തല കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. സംസ്ഥാനത്ത് 38 ജില്ലാതല ജനറൽ ആശുപത്രികളാണുള്ളത്. ഇതിൽ എറണാകുളം ഉൾപ്പടെ ചില ജനറൽ ആശുപത്രികൾക്ക് ദേശീയ ഗുണനിലവാര മാനദണ്ഡമനുസരിച്ചുള്ള അംഗീകാരം ലഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള ജനറൽ ആശുപത്രികൾക്കും ഈ അംഗീകാരം ലഭ്യമാക്കുന്നതിനായി ഓരോ മണ്ഡലത്തിലും എം എൽ എമാരുടെ നേതൃത്വത്തിൽ പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങളാണ് നടക്കുന്നത്. ആദിവാസി മേഖലയിൽ കുട്ടമ്പുഴയിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ മിനി ഐസിയു സജ്ജമാക്കി. കുട്ടികളിലെ ക്ലബ്ബ് ഫൂട്ട് ചികിത്സയ്ക്കായി നാല് ക്ലബ്ബ് ഫൂട്ട് ക്ലിനിക്കുകൾ ആരംഭിച്ചു. ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതോടൊപ്പം ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. രണ്ടോ മൂന്നോ വാർഡുകൾക്കായി ഒരു സബ് സെന്റർ എന്ന നിലയിലാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഈ വാർഡുകളിലെ ജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള ഇടപെടൽ സാധ്യമാക്കുന്ന ഇടമായി ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മാറുകയാണ്. സംസ്ഥാനത്തെ ആദ്യ നഗര സാമൂഹ്യാരോഗിക കേന്ദ്രം തേവരയിൽ ആരംഭിച്ചു. ആദ്യമായി ആരോഗ്യ മേഖലയിൽ കിഫ്ബി ഫണ്ട് അനുവദിച്ചത് എറണാകുളം ജനറൽ ആശുപത്രി ക്കായാണ്. 76.5 കോടി രൂപയാണ് അനുവദിച്ചത്. ഈ തുക വിനിയോഗിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ചുവെന്നും മന്ത്രി പറഞ്ഞു.1.1 കോടി രൂപ ചെലവഴിച്ച് കല്യാൺ സിൽക്ക്സിന്റെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച ഡിജിറ്റൽ മാമോഗ്രാം, ടി.ജെ. വിനോദ് എം എൽഎയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം, കൗൺസിലർ മനു ജേക്കബ് നൽകിയ ഏഴ് ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ച ഗൈനക് തീവ്ര പരിചരണ വിഭാഗം, 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ച ട്രെയിനിംഗ് സെന്റർ, പുനരുദ്ധാരണം പൂർത്തിയാക്കിയ സ്ത്രീകളുടെയും പുരുഷന്മാരുടെയും ഓർത്തോ വാർഡ്, ഹൈബി ഈഡൻ എംപിയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള ഒപി ബ്ലോക്ക് നവീകരണം, ആശുപത്രി വികസന സമിതി ഫണ്ടായ 90 ലക്ഷം രൂപ ലേബർ റൂം എന്നീ പദ്ധതികളുടെ ഉദ്ഘാടനമാണ് മന്ത്രി നിർവഹിച്ചത്.കല്യാൺ സിൽക്ക്സ് ചെയർമാൻ പട്ടാഭിരാമനെ ചടങ്ങിൽ മന്ത്രി ആദരിച്ചു. ഹൈബി ഈഡൻ എം.പി., മേയർ എം. അനിൽകുമാർ, ടി.ജെ. വിനോദ് എം.എൽ.എ., കൗൺസിലർമാരായ പദ്മജ എസ്. മേനോൻ, മനു ജേക്കബ്, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എസ്. ശ്രീദേവി, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ആർ. ഷഹീർഷാ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ആശ കെ. ജോൺ, ഡോ. നിഖിലേഷ് മേനോൻ, ആശുപത്രി വികസന സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# സംസ്കൃത സർവ്വകലാശാലയിൽ പുതിയ മൂന്ന് കോഴ്സുകൾ തുടങ്ങും:പ്രൊഫ. എം. വി. നാരായണൻ

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പുതിയ മൂന്ന് കോഴ്സുകൾ അടുത്ത അക്കാദമിക് വർഷത്തിൽ (2023-24) ആരംഭിക്കുമെന്ന് വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അറിയിച്ചു. പ്രൊജക്ട് മോഡ് സ്കീമിൽ ആരംഭിക്കുന്ന ഈ പ്രോഗ്രാമുകൾ സർവ്വകലാശാലയുടെ കാലടി, ഏറ്റുമാനൂർ ക്യാമ്പസുകളിലാണ് ആരംഭിക്കുക. മൾട്ടിഡിസിപ്ലിനറി ഡ്യൂവൽ മെയിൻ മാസ്റ്റേഴ്സ് പ്രോഗ്രാം ഇൻ ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് മിറ്റിഗേഷൻ, പി. ജി. ഡിപ്ലോമ ഇൻ സാൻസ്ക്രിറ്റ് കംപ്യൂട്ടേഷണൽ ലിംഗിസ്റ്റിക്സ് എന്നീ പ്രോഗ്രാമുകളാണ് കാലടി മുഖ്യക്യാമ്പസിൽ ആരംഭിക്കുന്നത്. പി. ജി. ഡിപ്ലോമ ഇൻ ആക്ടീവ് ഏജിംഗ് ആൻഡ് വെൽനസ് റീഹാബിലിറ്റേഷൻ പ്രോഗ്രാം ആരംഭിക്കുന്നത് ഏറ്റുമാനൂർ ക്യാമ്പസിലാണ്. ഈ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ ഉടൻ ആരംഭിക്കുമെന്ന് പ്രൊഫ. എം. വി. നാരായണൻ പറഞ്ഞു.



## പി. ജി., പി. ജി. ഡിപ്ലോമ പ്രവേശനം; അവസാന തീയതി ഏപ്രിൽ 20

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും 2023 2024 അദ്ധ്യയന വർഷത്തെ എം.എ., എം. എസ്‍സി., എം. എസ്. ഡബ്ല്യു., എം. എഫ്. എ., എം. പി. ഇ. എസ്., പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഏപ്രിൽ 20ആയിരിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. പ്രവേശന പരീക്ഷകൾ മെയ് എട്ട്, ഒൻപത്, പതിനഞ്ച്, പതിനാറ് തീയതികളിൽ സർവ്വകലാശാലയുടെ മുഖ്യക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലുമായി നടക്കും.


പ്രവേശന പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യേണ്ട അവസാന തീയതി ഏപ്രിൽ 28. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് എം. എ./ എം. എസ്‍സി./എം. എസ്. ഡബ്ല്യു. കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. അവസാന വർഷ പരീക്ഷ എഴുതുന്നവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷിക്കണം. പ്രവേശന പരീക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഒരു അപേക്ഷകന് മൂന്ന് പ്രോഗ്രാമുകൾക്ക് വരെ അപേക്ഷിക്കാം.

ഒന്നിൽ കൂടുതൽ പി. ജി പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്നവർ ഓരോ പി. ജി. പ്രോഗ്രാമിനും പ്രത്യേകം പ്രവേശന പരീക്ഷ ഫീസ് അടയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും ഓൺലൈനിൽ അപേക്ഷിക്കുന്നതിനുമായി www.ssus.ac.in സന്ദർശിക്കുക.

# പുതിയ എൻആർഐ സേവിങ്സ് അക്കൗണ്ടുകൾ അവതരിപ്പിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** എൻആർഐ ഉപഭോക്താക്കൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് പുതിയ സേവിങ്സ് അക്കൗുകൾ അവതരിപ്പിച്ചു. നാവികർക്കായുള്ള എസ്ഐബി സീഫെറർ, ഹെൽത്ത്കെയർ പ്രൊഫഷനലുകൾക്കുള്ള എസ്ഐബി പൾസ് എന്നിവയാണ് പുതുതായി അവതരിപ്പിച്ചത്. ഇവയൊടാപ്പം, നിക്ഷേപമോ അല്ലെങ്കിൽ സേവിങ്സ് അക്കൗിലെ മിനിമം ബാലൻസോ നിലനിർത്തിയാൽ മതിയെന്ന സൗകര്യവുമു്.എസ്ഐബി സീഫെറർ പദ്ധതി പ്രകാരം ലിങ്ക് ചെയ്ത അക്കൗുകളിൽ 10,000 രൂപ മിനിമം ബാലൻസ് നിലനിർത്തിയാൽ മതി (ഏറ്റവും അവസാനം തുറന്ന ര് എൻആർ അക്കൗുകൾക്കാണ് ഈ യോഗ്യത). ര് ലക്ഷം രൂപയോ അതിനു മുകളിലോ എൻആർഐ സ്ഥിര നിക്ഷേപമുള്ളവർക്ക് മിനിമം ബാലൻസ് ആവശ്യമില്ല. എസ്ഐബി മിറർ പ്ലസ്, സൈർനെറ്റ് ആപ്പുകളിൽ മികച്ച ഡിജിറ്റൽ ബാങ്കിങ് അനുഭവം, യുപിഐ പേമെന്റ് സൗകര്യം, ഇന്റർനാഷനൽ ഡെബിറ്റ് കാർഡിനൊപ്പം എയർപോർട്ട് ലോഞ്ച് ഉപയോഗിക്കാനുള്ള സൗകര്യം, ഉപഭോക്താവിനും കുടുംബത്തിനും മുൻഗണനാ ബാങ്കിങ് സൗകര്യം, നാട്ടിലേക്ക് പണമയക്കാൻ പ്രത്യേക നിരക്കുകൾ എന്നിവയാണ് എസ്ഐബി സീഫെറർ പദ്ധതിയുടെ സവിശേഷതകൾ.എസ്ഐബി പൾസ് പദ്ധതി പ്രകാരം ലിങ്ക് ചെയ്ത അക്കൗുകളിൽ 10,000 രൂപ മിനിമം ബാലൻസ് നിലനിർത്തിയാൽ മതി. (ഏറ്റവും അവസാനം തുറന്ന ര് എൻആർ അക്കൗുകൾക്കാണ് ഈ യോഗ്യത). ര് ലക്ഷം രൂപയ്ക്കു മുകളിലുള്ള എൻആർഐ സ്ഥിര നിക്ഷേപം അല്ലെങ്കിൽ 20,000 രൂപ പ്രതിമാസ അടവുള്ള ആർഡി, ഇതോടൊപ്പം എൻആർഇ/എൻആർഒ അക്കൗ് തുറക്കുമ്പോൾ 1000 എസ്ഐബി റിവാർഡ് പോയിന്റ്, ഭവന, വാഹന വായ്പകളുടെ പ്രൊസസിങ് ഫീസിൽ 25 ശതമാനം ഇളവ്, ഇന്റർനാഷനൽ ഡെബിറ്റ് കാർഡിനൊപ്പം എയർപോർട്ട് ലോഞ്ച് ഉപയോഗിക്കാനുള്ള സൗകര്യം, ഉപഭോക്താവിനും കുടുംബത്തിനും മുൻഗണനാ ബാങ്കിങ് സൗകര്യം എന്നിവയാണ് എസ്ഐബി പൾസ് പദ്ധതിയുടെ സവിശേഷതകൾ.ഉപഭോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്നതിനാണ് തങ്ങളുടെ നിരന്തര പരിശ്രമങ്ങളെന്നും എൻആർഐ ഉപഭോക്താക്കൾക്ക് അവരുടെ പണം ലളിതവും ആകർഷകവുമായ പുതിയ നിക്ഷേപ പദ്ധതികളിൽ നിക്ഷേപിക്കാനുള്ള സൗകര്യമുന്നെും സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ മുരളി രാമകൃഷ്ണൻ പറഞ്ഞു.എസ്ഐബി സീഫെറർ, എസ്ഐബി പൾസ് എന്നീ പദ്ധതികൾ ഭാവിയിൽ കുടുതൽ സമാനമായ ബാങ്കിങ് ഉൽപ്പന്നങ്ങൾക്കുള്ള അടിത്തറയാകുമെന്ന് ഉറപ്പ്. എൻആർഐ നിക്ഷേപകരുടെ ബാങ്കിടപാടുകൾക്കുള്ള ഒരു സാർവത്രിക മാതൃകയും ഇവ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# 'മലൈക്കോട്ടൈ വാലിബൻ' ലൈഫ് ടൈം സമ്മാനം സ്വന്തമാക്കാൻ അവസരമൊരുക്കി അണിയറപ്രവർത്തകർ




**കൊച്ചി:** ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്യുന്ന മോഹൻലാൽ ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ ട്രെൻഡിങ് ആയതിനു പിന്നാലെ ആരാധകർക്ക് സ്പെഷ്യൽ സമ്മാനം നേടാനുള്ള അവസരം ഒരുക്കുകയാണ് സിനിമയുടെ അണിയറ പ്രവർത്തകർ. ബിഗ് ബഡ്ജറ്റഡ് ചിത്രമായി ഒരുങ്ങുന്ന മലൈക്കോട്ടൈ വാലിബന്റെ ഫസ്റ്റ് ലുക്ക് പോസ്റ്ററിന്റെ മോഹൻലാലും ലിജോ ജോസ് പെല്ലിശ്ശേരിയും ഓട്ടോഗ്രാഫ് രേഖപ്പെടുത്തിയ മെറ്റൽ പോസ്റ്ററുകൾ ആണ് ലേലത്തിലൂടെ ഫാൻസിനു സ്വന്തമാക്കാൻ സാധിക്കുന്നത്. പോളിഗോൺ ബ്ലോക്ക് ചെയിൻ വഴി വെരിഫൈ ചെയ്ത 25 മെറ്റൽ പോസ്റ്ററുകളാണ് ലോകവ്യാപകമായി പ്രൊഡക്ഷൻ ഔദ്യോഗികമായി അണിയിച്ചൊരുക്കുന്നത്. മലയാളം ഫിലിം ഇൻഡസ്ട്രിയിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു ഗെയിം ചേഞ്ചിങ് ഇനിഷേറ്റിവ് നടപ്പിലാക്കുന്നത്. rootfor.xyz എന്ന ലിങ്കിൽ നിന്നും പ്രേക്ഷകർക്ക് മലൈക്കോട്ടൈ വാലിബന്റെ ഒഫീഷ്യൽ ബിഡിങ്ങിൽ പങ്കാളികളാകാം.ജോൺ മേരി ക്രിയേറ്റിവിന്റെ ബാനറിൽ ഷിബു ബേബി ജോൺ, സെഞ്ചറി ഫിലിംസിന്റെ ബാനറിൽ കൊച്ചുമോൻ, മാക്സ് ലാബിന്റെ അനൂപ് എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. രാജസ്ഥാനിലെ ഷൂട്ടിംഗ് ഷെഡ്യൂൾ കഴിഞ്ഞു ചെന്നൈയിലെ അവസാന ഷൂട്ടിംഗ് ഷെഡ്യൂളിലേക്കുള്ള ഒരുക്കത്തിലാണ് മലൈക്കോട്ടൈ വലിബന്റെ അണിയറപ്രവർത്തകർ.ഇന്ത്യയിലെ വിവിധ ഭാഷകളിലെ പ്രശസ്തരായ താരങ്ങൾ അണിനിരക്കുന്ന ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് പിഎസ് റഫീക്കാണ്. ആമേന് ശേഷം ലിജോയ്ക്ക് വേണ്ടി പിഎസ് റഫീക്ക് തിരക്കഥ ഒരുക്കുന്ന ചിത്രത്തിൽ ചുരുളിക്ക് ശേഷം മധു നീലകണ്ഠൻ വീണ്ടും ലിജോയ്ക്ക് വേണ്ടി ക്യാമറ ചലിപ്പിക്കും. പ്രശാന്ത് പിള്ള സംഗീതവും ദീപു ജോസഫ് എഡിറ്റിംഗും നിർവഹിക്കുന്നു. പി ആർ ഒ പ്രതീഷ് ശേഖർ.

# റീബൂട്ട് 2023; അവസരങ്ങളുടെ ജാലകമൊരുക്കി സൈബർപാർക്കും കാഫിറ്റും

**കോഴിക്കോട:** മലബാർ മേഖലയിൽ അവസരങ്ങളുടെ ജാലകം തുറന്ന് സർക്കാർ സൈബർപാർക്കും കാഫിറ്റും. 1500 ലധികം തൊഴിലവസരങ്ങളൊരുക്കി സംഘടിപ്പിക്കുന്ന റീബൂട്ട് 2023 ജോബ് ഫെയർ മെയ് 13, 14 തീയതികളിൽ കോഴിക്കോട് സർക്കാർ സൈബർപാർക്കിൽ നടക്കും. മലബാർ മേഖലയിലെ ഐ.ടി സംരംഭകരുടെ കൂട്ടായ്മയായ കാഫിറ്റ് കോഴിക്കോട് സർക്കാർ സൈബർപാർക്ക്, യു.എൽ സൈബർപാർക്ക്, ഹൈലൈറ്റ് ബിസ്നസ് പാർക്ക്, കിൻഫ്ര ഐ.ടി പാർക്ക് എന്നിവിടങ്ങളിലെ വിവിധ കമ്പനികളും മലബാർ മേഖലയിലെ മറ്റ് വിവിധ ഐ.ടി കമ്പനികളുമായും സഹകരിച്ചാണ് ജോബ് ഫെയർ സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് വേേ:// ൃലയീീ.രമളശ.േൃഴ.ശി/ൃലഴശേൃമശേീ എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. 2022ൽ നടന്ന റീബൂട്ട് 2022 ജോബ് ഫെയർ വഴി 800ലധികം തൊഴിലവസരങ്ങളാണ് കഴിഞ്ഞ വർഷം ഒരുങ്ങിയത്.ഐ.ടി മേഖലയുടെ വളർച്ച ധാരാളം തൊഴിലവസരങ്ങളാണ് ഒരുക്കുന്നതെന്നും അത് അർഹരായവരിലേക്ക് എത്തിക്കാൻ റീബൂട്ട് 2023 ജോബ് ഫെയർ വഴി കഴിയുമെന്നും സൈബർപാർക്ക് സി.ഇ.ഒ മാധവിക്കുട്ടി എം.എസ് പറഞ്ഞു. കഴിഞ്ഞ തവണ നടന്ന ജോബ് ഫെയറിൽ ഉദ്യോഗാർത്ഥികളുടെ ആവേശകരമായ പ്രതികരണം ഇത്തവണ കൂടുതൽ അവസരങ്ങളൊരുക്കാൻ പ്രചോദനമായെന്നും ഇത്തവണ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അവസരമൊരുക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മാധവിക്കുട്ടി എം.എസ് കൂട്ടിച്ചേർത്തു.മലബാർ മേഖലയിലെ ഉദ്യോഗാർത്ഥികളുടെ കഴിവ് നമ്മുടെ നാട്ടിൽ തന്നെ പ്രയോജനപ്പെടുത്താൻ റീബൂട്ട് 2023 ജോബ് ഫെയർ വഴി അവസരമൊരുങ്ങുമെന്ന് കാഫിറ്റ് പ്രസിഡന്റ് അബ്ദുൾ ഗഫൂർ പറഞ്ഞു. കൂടുതൽ കമ്പനികളും കൂടുതൽ തൊഴിലവസരങ്ങളും ഒരുങ്ങുന്നതോടെ മലബാറിലെ ഐ.ടി കുതിപ്പിന് ആക്കം കൂടുമെന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ ഇത്തവണത്തെ ജോബ് ഫെയറിലേക്ക് പ്രതീക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ജോൺ പോൾ തിരക്കഥാ പുരസ്കാരം ഫാ.ഡാനി കപ്പൂച്ചിന്




**കൊച്ചി:** കെസിബിസി മീഡിയ കമ്മീഷൻ നൽകുന്ന മലയാള സിനിമയിലെ മികച്ച നവാഗത തിരക്കാഥാകൃത്തിനുള്ള ജോൺ പോൾ പുരസ്കാരത്തിനു ഡാനി കപ്പൂച്യൻ അർഹനായി. 2022 ൽ പുറത്തിറങ്ങിയ 'വരയൻ' എന്ന ചിത്രത്തിനാണ് അവാർഡ്. ഏപ്രിൽ 23 ന് പി ഒ സി യിൽ നടക്കുന്ന പ്രഥമ ജോൺ പോൾ അനുസ്മരണ സമ്മേളനമായ 'ഓർമ്മച്ചാമര'ത്തിൽ വച്ചു അവാർഡ് വിതരണം നിർവ്വഹിക്കും. കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംബ്ലാനി ആണ് അവാർഡ് പ്രഖ്യാപിച്ചത്. ഏപ്രിൽ 23 ന് ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് 'ജോൺ പോൾ സിനിമകളുടെ ലാവണ്യശാസ്ത്രം' സംവാദം നടക്കും.തുടർന്ന് വൈകിട്ട് ആറിന് അനുസ്മരണ സമ്മേളനം നടക്കും.ചലച്ചിത്രസംഘടന മാക്ടയും കെസിബിസി മീഡിയയും ചേർന്നാണ് ഓർമ്മച്ചാമരം ഒരുക്കുന്നത്.

# കൊച്ചിയിലെ ആദ്യ ആർ.ആർ.എഫ്. പ്രവർത്തനമാരംഭിച്ചു

**കൊച്ചി :**നഗരത്തിലെ ആദ്യത്തെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി കലൂർ മണപ്പാട്ടി പറമ്പിൽ ആരംഭിച്ചു. മന്ത്രി എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്തു. ബെയിലിംഗ് മെഷിനൊപ്പം അജൈവ മാലിന്യം വൃത്തിയാക്കുന്നതിനുള്ള ഡസ്റ്റ് റിമൂവൽ മെഷീനും ആർ.ആർ.എഫ്.ൽ സ്ഥാപിച്ചിട്ടുണ്ട്. ഒരു ആർ.ആർ.എഫ്. വഴി പ്രതിദിനം ചുരുങ്ങിയത് 10 ടൺ പ്ലാസ്റ്റിക് മാലിന്യം ബെയ്ൽ ചെയ്ത് വ്യാപ്തി കുറച്ച് ശാസ്ത്രീയമായ സംസ്കരണത്തിനായി ലോറികളിൽ നീക്കം ചെയ്യാനാകും. ബെയ്ൽ ചെയ്ത പ്ലാസ്റ്റിക് നീക്കം ചെയ്യാൻ സാധാരണ വേണ്ടിവരുന്നതിൻറെ മൂന്നിൽ ഒന്ന് വാഹനങ്ങൾ മതിയാകും. ഈ മാസം തന്നെ 6 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളുടെ നിർമ്മാണം പൂർത്തീകരിക്കും. അതോടെ പ്രതിദിനം 70 ടൺ മാലിന്യം കൊച്ചി നഗരത്തിൽ നിന്നും ബെയിൽ ചെയ്ത് കൊണ്ടുപോകാനുള്ള സൗകര്യമാണ് ഒരുങ്ങുന്നത്.റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ ഒരുമിച്ച് കൊണ്ടുവരുന്ന അജൈവ മാലിന്യം വേർതിരിക്കാനുള്ള ഒരു സോർട്ടിംഗ് കൺവെയർ ബെൽറ്റ് കൂടി ഉടൻ സ്ഥാപിക്കും. അതോടെ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സോർട്ട് ചെയ്യാൻ കഴിയുന്ന സംവിധാനവും ഒരുങ്ങും. ഇപ്പോൾ തൊഴിലാളികളാണ് സോർട്ട് ചെയ്യുന്നത്. കൺവെയർ ബെൽട്ട് സ്ഥാപിക്കുന്നതോടെ അജൈവ മാലിന്യം മെഷിനറികളുടെ സഹായത്തോടെ സോർട്ട് ചെയ്യാൻ കഴിയും.74 ഡിവിഷനുകളിലും മെയ് മാസത്തിൽ തന്നെ എം.സി.എഫ്. ( മെറ്റീരിയൽ കളക്ഷൻ ഫെസിലലിറ്റി) കളും സ്ഥാപിക്കും. ഒരു ഡിവിഷനിലെ മുഴുവൻ അജൈവമാലിന്യവും ഇവിടെ ശേഖരിക്കും. തുടർന്ന് എം.സി.എഫ്.കളിൽ നിന്നും ആർ.ആർ.എഫ്. കളിലേക്കെത്തിച്ച് റീ സൈക്ലിംഗിനായി നഗരത്തിന് പുറത്തേക്ക് പ്ലാസ്റ്റിക് കൊണ്ടുപോകും.

# 100 കോടിയുടെ വികസന പദ്ധതികളുമായി സിൽവർ സ്റ്റോം വാട്ടർ തീം പാർക്ക്

## ഉദ്ഘാടനം 23ന് മന്ത്രി പി.രാജീവ് നിർവ്വഹിക്കും

**തൃശ്ശൂർ :** ദക്ഷിണേന്ത്യയിലെ പ്രമുഖ വാട്ടർ തീം പാർക്കായ സിൽവർ സ്റ്റോം നൂറ് കോടിയിൽ പരം രൂപയുടെ വികസന പദ്ധതികൾ പ്രഖ്യാപിച്ചു. ഇപ്പോഴുള്ള പാർക്കിന്റെ തുടർച്ചയായി 15 ഏക്കർ സ്ഥലത്ത് വിപുലീകരണത്തിന്റെ ഭാഗമായി കേരളത്തിൽ അത്ര സുപരിചിതമല്ലാത്ത കരിബിയൻ ബേ അക്വാ പ്ലേസ്റ്റേഷൻ, ബൂമറാംഗ്, അക്വാലൂപ്പ്, കാമികസി, എന്നീ നാല് പുതിയ ഹൈത്രില്ലിങ് വാട്ടർ റൈഡുകളാണ് അവതരിപ്പിക്കുന്നത്. കൂടാതെ വരുന്ന ഓഗസ്റ്റിൽ പുതിയ അഞ്ചു റൈഡുകളും, ഡിസംബറിൽ അത്യാകർഷകമായ കേബിൾ കാർ പ്രൊജക്ടും, ഫോറസ്റ്റ് വില്ലേജും സിൽവർ സ്റ്റോമിന്റെ ഭാഗമാകും. ബ്രിട്ടീഷ് ബംഗ്ലോ റിസോർട്ട്, കൺവൻഷൻ സെന്റർ തുടങ്ങിയവയുടെയും നിർമ്മാണം പുരോഗമിക്കുന്നു. പുതിയ റൈഡുകളുടെയും വികസന പദ്ധതികളുടെയും ഉദ്ഘാടനം ഈ മാസം 23ന് വൈകിട്ട് 7ന് നിയമ,വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി പി.രാജീവ് നിർവ്വഹിക്കുമെന്ന് തൃശ്ശൂരിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സിൽവർ സ്റ്റോം മാനേജിംഗ് ഡയറക്ടർ എ.ഐ.ഷാലിമാർ പറഞ്ഞു.ടൂറിസം മാപ്പിൽ ദക്ഷിണേന്ത്യയിലെ മികച്ച ഫൺ ഡെസ്റ്റിനേഷൻ ആയി അറിയപ്പെടുന്ന സിൽവർ സ്റ്റോമിൽ കഴിഞ്ഞ 23 വർഷമായി ഒരു കോടിയിൽ പരം ടൂറിസ്റ്റുകൾ സന്ദർശിച്ച മലയാളികളുടെ ഉല്ലാസത്തിന്റെയും ആവേശത്തിന്റെയും അവസാന വാക്കായി മാറിയ സിൽവർ സ്റ്റോം വാട്ടർ തീം പാർക്ക് വികസനത്തിന്റെയും സർഗാത്മകതയുടെയും പുതിയ പാതയിലേയ്ക്ക് കടക്കുകയാണെന്നും ഷാലിമാർ പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് സിനിമാതാരം നിരഞ്ജന അനൂപ്, ബിഗ്ബോസ് താരങ്ങളായ റംസാൻ മുഹമ്മദ്, ദിൽഷ പ്രസന്നൻ, ഇന്ത്യൻ ഐഡൽ ഫെയിം വൈഷ്ണവ് ഗിരീഷ് തുടങ്ങിയവർ പങ്കെടുക്കുന്ന കലാസന്ധ്യയും ഒരുക്കിയിട്ടുണ്ട്. ഒരേ സമയം 500 പേർക്ക് ആസ്വദിക്കാവുന്നവിധം 12000 സ്ക്വയർ ഫീറ്റിൽ തയ്യാറാക്കിയിട്ടുള്ള പ്ലേസ്റ്റേഷനാണ് കരിബിയൻ ബേ അക്വാ പ്ലേസ്റ്റേഷൻ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപേലെ ഇത് ഉപയോഗിക്കാൻ സാധിക്കും. വളരെ വ്യത്യസ്തമായ ആധുനിക ഡിസൈനിൽ ഒരുക്കിയിരിക്കുന്ന ത്രില്ലിംഗ് റൈഡാണ് ബൂമറാങ്ങ്. റോക്കറ്റ് കപ്പ് സ്ലൈഡിംഗ് റൈഡായ അക്വാലൂപ് സന്ദർശകർക്ക് വ്യത്യസ്തമായ അനുഭവമായിരിക്കും. അത്യന്തം ത്രസിപ്പിക്കുന്ന വാട്ടർ സ്ലൈഡിംഗ് റൈഡാണ് കാമികാസി. എല്ലാ സുരക്ഷാ സംവിധാനങ്ങളും വളരെ കൃത്യതയോടെ പാലിക്കുന്ന പാർക്കിൽ നിലവിൽ പുതിയ റൈഡുകൾക്ക് പുറമെ ഇരുപത്തഞ്ചിൽ പരം അമ്യൂസ്മെന്റ് റൈഡുകളും ഇരുപത്തഞ്ചോളം വാട്ടർ റൈഡുകളും ഉണ്ട്. കാശ്മീർ, സ്വിറ്റ്സർലന്റ് എന്നിവിടങ്ങളിലേതു പോലെ മഞ്ഞുമഴ പെയ്യുന്ന സ്നോസ്റ്റോമിൽ മൈനസ് 10 ഡിഗ്രി വരെയാണ് തണുപ്പ്.




**booking@silverstorm.in** എന്ന സൈറ്റിലൂടെ ഓൺലൈനിൽ ബുക്ക് ചെയ്യാം. കൂടാതെ പാർക്കിനുള്ളിൽ തന്നെ ഫോർ സ്റ്റാർ നിലവാരത്തിലുള്ള സിൽവർ സ്റ്റോം റിസോർട്ടും പ്രവർത്തിച്ചു വരുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി : 8304894460. 9447603344 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സിആപ്റ്റ് )സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ പ്രി പ്രസ്സ് ഓപ്പറേഷൻ,കെ.ജി.റ്റി.ഇ പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആൻറ് കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക് 202324 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി പാസായിരിക്കണം. നൂതന സാങ്കേതിക അച്ചടി രംഗത്ത് തൊഴിൽ സാധ്യത ഏറെയുള്ള കോഴ്സാണ്. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളർ സർട്ടിഫിക്കറ്റുകൾ നൽകുന്ന കോഴ്സിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് അനുകൂല്യം ലഭിക്കും. ഒബിസി, എസ്.ഇ.ബി.സി മറ്റു മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. അപേക്ഷാഫോറം പ്രോസ്പകടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്നും 100 രൂപയ്ക്ക് നേരിട്ടും. 135 രൂപയുടെ മണിഓർഡറായി ഓഫീസർ ഇൻ ചാർജ് , കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവൺമെന്റ് എൽ.പി സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ, ആലുവ പിൻ .683108 വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും. വിശദ വിവരങ്ങൾ പരിശീലന വിഭാഗത്തിലെ (0484 2605322, 9605022555) ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : മെയ് അഞ്ച്.

# സോണി ബ്രാവിയ എക്സ്80എൽ ടിവി സീരിസുകൾ അവതരിപ്പിച്ചു



**കൊച്ചി:** അത്യാകർഷകമായ പിക്ചർ ക്വാളിറ്റി, അതിശയിപ്പിക്കുന്ന ശബ്ദ ഫീച്ചറുമായി സോണി ഇന്ത്യ ബ്രാവിയ എക്സ്80എൽ ടെലിവിഷൻ സീരീസുകൾ അവതരിപ്പിച്ചു. കാഴ്ചയും ശബ്ദവും അടുത്ത തലത്തിലേക്ക് കൊണ്ടുപോകുന്ന പുതിയ എക്സ്80എൽ മോഡലുകൾ ഗൂഗിൾ ടിവി ഉപയോഗിച്ച് വിനോദത്തിൻറെ പുതിയ ലോകവും ഉപഭോക്താക്കൾക്ക് നൽകുന്നു. എക്സ്80എൽ സീരീസിലെ എക്സ്ബാലൻസ്ഡ് സ്പീക്കർ മികച്ച ശബ്ദാനുഭവമാണ് നൽകുന്നത്. പതിനായിരത്തിലധികം ആപ്പുകൾ, ഗെയിമുകൾ, എഴ് ലക്ഷത്തിലേറെ സിനിമകൾ, ടിവി സീരീസുകൾ എന്നിവ ലഭ്യമാക്കുന്ന ഗൂഗിൾ ടിവിയിലൂടെ സ്മാർട്ട് യൂസർ എക്സ്പീരിയൻസും എക്സ്80എൽ സീരീസ് ഉറപ്പുനൽകുന്നു. ആപ്പിൾ എയർപ്ലേ2, ഹോംകിറ്റ് എന്നിവയിലും ഇത് തടസമില്ലാതെ പ്രവർത്തിക്കും. ഹാൻഡ്സ്ഫ്രീ വോയ്സ് സെർച്ച് ഫീച്ചർ ഉപയോഗിച്ച് പ്രിയപ്പെട്ട ഷോകളും സിനിമകളും ടിവിയിൽ പ്ലേ ചെയ്യാം. ഓട്ടോ എച്ച്ഡിആർ ടോൺ മാപ്പിങും ഓട്ടോ ജൻറെ പിക്ചർ മോഡും ഉപയോഗിച്ച് ഗെയിമിങ് അനുഭവം മാറ്റാനുള്ള പിഎസ്5നുള്ള ഫീച്ചർ, ഗെയിമിങ് സ്റ്റാറ്റസ്, ക്രമീകരണങ്ങൾ, ഗെയിമിങ് അസിസ്റ്റ് ഫങ്ഷനുകൾ എന്നിവയെല്ലാം ഒരിടത്ത് എളുപ്പത്തിൽ ലഭ്യമാക്കുന്ന ഗെയിംമെനു ഫീച്ചർ, ബ്രാവിയ കോർ, ബ്രാവിയ ക്യാം, ആംബിയൻറ് ഒപ്റ്റിമൈസേഷൻ, ലൈറ്റ് സെൻസർ, അക്കോസ്റ്റിക് ഓട്ടോ കാലിബ്രേഷൻ സാങ്കേതികവിദ്യ, എക്സ്പ്രൊട്ടക്ഷൻ പിആർഒ, ആറ് ഹോട്ട് കീകളുള്ള സ്ലീക്ക് സ്മാർട്ട് റിമോട്ട് എന്നിവയാണ് എക്സ്80എൽ സീരീസിൻറെ മറ്റു പ്രധാന സവിശേഷതകൾ.99,900 രൂപ വിലയുള്ള കെഡി43എക്സ്80എൽ മോഡലും, 114,900 രൂപ വിലയുള്ള കെഡി50എക്സ്80എൽ മോഡലും 2023 ഏപ്രിൽ 19 മുതൽ ലഭ്യമാവും. കെഡി85എക്സ്80എൽ മോഡലിൻറെ വിലയും പുറത്തിറക്കുന്ന തീയതിയും ഉടൻ പ്രഖ്യാപിക്കും. ഇന്ത്യയിലെ എല്ലാ സോണി സെൻററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇകൊമേഴ്സ് പോർട്ടലുകളിലും പുതിയ മോഡലുകൾ ലഭിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com